# പഞ്ചാംഗം.

എപ്പകത്തി ൩൦. ഞായറാഴ്ച അക്ഷരം [illegible]

൧൯൩൦

## ൧൯൩൦ ജൂലൈ— ൧൧൦൫ മിഥുനം—കക്കിടകം.

ന. ക. തിരുരക്തത്തിൻെറ മാസം.

| | | | | |
|---|---|---|---|---|
| 1 | 17 | ചൊ | യോഹ. മാം. എട്ടാം. ന. ആ. കു. വെ. | വെ. |
| 2 | 18 | ബു | ഏ. ഭാ. ക. മ. മേസൽത്താ ന. ആ. കു. വെ. | വെ. |
| 3 | 19 | വ്യാ | ✠ ന. പി. ശ്ലീ. തോമ്മാ ശ്ലീ. എട്ട ദി. ന. കു. വെ.<br>പാലാ, ചെമ്പ്, കോക്കമംഗലം, ഏങ്ങണ്ടിയൂർ, മററം. | ച്ച. |
| 4 | 20 | വെ | എം. ന. ആ. കു. വെ. | ച്ച. |
| 5 | 21 | ശ | എം. ന. ആ. കു. വെ. | ച്ച. |
| 6 | 22 | ഞാ | ✠ പന്ത ൪—ാം ഞാ. ന. കു. അ. [illegible] | ച്ച. |
| 7 | 23 | തി | എം. ന. ആ. കു. വെ. | ച്ച. |
| 8 | 24 | ചൊ | എം. ന. ആ. കു. വെ. | ച്ച. |
| 9 | 25 | ബു | എം. ന. ആ. കു. വെ. | ച്ച. |
| 10 | 26 | വ്യാ | എട്ടാം ന. ആ. കു. വെ. | ച്ച. |
| 11 | 27 | വെ | പാ. വേദ. പീയോസ് ന. ആ. കു. വെ. | ച്ച. |
| 12 | 28 | ശ | വേ. നാബോരും ഫെലിക്സും ന. ആ. കു. വെ. | ച്ച. |
| 13 | 29 | ഞാ | ✠ പന്ത ൫—ാം ഞാ. ന. കു. അ. [illegible] | പ. |
| 14 | 30 | തി | അ. മെ. ബൊനവെന്തുര ന. ആ. കു. വെ. | വെ. |
| 15 | 31 | ചൊ | അ. മെ. യാക്കോബ് ന. ആ. കു. വെ. | വെ. |
| 16 | 1 | ബു | പരി. കർമ്മലമാതാവ് ന. ആ. കു. വെ.<br>വാഴക്കുളം ആശ്രമദേവാലയം, ആലപ്പുഴ മാർസ്ലീവാപ്പള്ളി. | വെ. |
| 17 | 2 | വ്യാ | മെ. അലെക്സീസ് ന. ആ. കു. വെ. | വെ. |
| 18 | 3 | വെ | വേദ. സുമ്പറോസും മക്കളും ന. ആ. കു. വെ. | ച്ച. |
| 19 | 4 | ശ | മെ. വിൻസെന്തി. ന. ആ. കു. വെ. | വെ. |
| 20 | 5 | ഞാ | ✠ പന്ത. ൬—ാം ഞാ. ന. കു. അ. [illegible]<br>അട്ടത്ത വ്യാഴം (ഇ. വി.) | പ. |
| 21 | 6 | തി | ക. പ്രക്സേദീസ് ന. ആ. കു. വെ. | ച്ച. |
| 22 | 7 | ചൊ | വി. മറിയം മഗ്ദലീത്താ. ന. ആ, കു. വെ. | വെ. |
| 23 | 8 | ബു | അ. വേ. അപ്പോളീ. ന. ആ. കു. വെ. | ച്ച. |
| 24 | 9 | വ്യാ | ശ്ലീ. യാക്കോ. തലേനാൾ (ഇ. വി.) ന. ആ. കു. തലേ. | റോ.. |
| 25 | 10 | വെ | (✠) ശ്ലീ. യാക്കോ. ന. ആ. കു. വെ.<br>ചങ്ങനാശേരി മെത്രാനച്ചൻ തിരുമനസ്സിലെ നാമകാരണൻ. | ച്ച |
| 26 | 11 | ശ | ക. മറിയത്തിൻെറ അമ്മ ഹന്നാ ഉമ്മാ ന. ആ. കു. വെ. | വെ. |
| 27 | 12 | ഞാ | ✠ പന്ത. ൭—ാം ഞാ. ന. കു. അ. [illegible] | പ. |
| 28 | 13 | തി | വേദ. നസരീ. കേൽസോ. ന. ആ. കു. വെ. | ച്ച. |
| 29 | 14 | ചൊ | ക. മത്താ. ന. ആ. കു. വെ. | വെ. |
| 30 | 15 | ബു | വേദ. അവ്വദോനും സെനെനും ന. ആ. കു. വെ. | ച്ച. |
| 31 | 16 | വ്യാ | മെ. ഇഗ്നാസിയോസ് ന. ആ. കു. വെ. | വെ. |




കർമ്മലസഭയുടെ അലങ്കാരമായ രാജ്ഞി,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

# കമ്മല കുസുമം.

പുസ്തകം ൨൭)  ൧൯൩൦ ജൂലൈ.  (ലക്കം ൭.


## കമ്മലനായികാസ്തവം.

(വിദ്വാൻ സി. എം. സെബാസ്ത്യൻ.)

("എന്തതിശയമേ" എന്ന രീതി.)

കമ്മലനായികേ! കനിവെഴുംതായേ!–
ധമ്മനിലയനമേ!– നിന്നെ
നിമ്മലമനസാകുമ്പിടുന്നിവനായ്–
ശമ്മമരുളെണമേ.
കമ്മലനായികേ!

മാനവനിവഹംപാരംപരിതപ്ത–
മാനസരായീടായ്വാൻ– അമ്മേ.
ആനന്ദത്തുമഴതൂകുന്നമേഘമായ്–
വാനിൽ നീ വാഴുന്നല്ലോ.
കമ്മലനായികേ!

നിന്നുടെ നിഴലിൽ നിന്നിടും മകനാം
എന്നുടെയാവശ്യങ്ങൾ– ധന്യേ
എന്നും നിറവേററി പാപത്തിൻ ഹേതുവിൽ
നിന്നുമകററെണമേ.
കമ്മലനായികേ!

## പ്രസാധകകുറിപ്പുകൾ.

### കമ്മലനാഥയുടെ തിരുനാൾ.

വി. ശെമഓൻസ്റ്റോക്കിനു ദൈവമാതാവുപ്രത്യക്ഷയായിഉത്തരീയംനൽകിയതിന്റെ ഓമ്മകൊണ്ടാടുന്ന ജൂലായി 16-ാം യിയതി കമ്മലഉത്തരീയം ധരിക്കുന്ന എല്ലാവക്കും ഒരു വിശേഷ ദിവസമാണ്. ഈ തിരുനാളിന്റെ തലേദിവസം ഉച്ചമുതൽ തിരുനാൾ ദിവസം പാതിരാത്രിവരെ തോസിയസ് ക്വോസിയസ് എന്ന പരിപൂണ്ണ ദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ്.

## ദുക്റാനാതിരുനാളും ദൈവരാജ്യസേവാഭടന്മാരും

ജൂലായി മാസം മൂന്നാം തീയതിയാണല്ലൊ ദുക്റാനാതിരുനാൾ. വി. തോമ്മാശ്ലീഹായുടെ മരണഓർമ്മ അഘോഷിക്കുന്ന ഈ സുദിനം കേരളീയർക്കെല്ലാം അത്യാഹ്ളാദകരമായ ഒന്നാണ്. ൧൯ ശതവർഷങ്ങൾക്കു മുമ്പ് വി. തോമ്മാശ്ലീഹാ സ്ഥാപിച്ച ഇൻഡ്യൻ സഭയുടെ തൽക്കാലസ്ഥിതി എന്തെന്നും നാം ഇപ്പോൾ പ്രവർത്തിക്കേണ്ടതെന്തെന്നും ഈ അവസരത്തിൽ സ്മരിക്കുന്നതു പ്രയോജനകരമായിരിക്കും. ഭാരതത്തിൽ സ്വരാജ്യം സ്ഥാപിക്കുന്നതിനായി അനേക ഭാരതീയ ധർമ്മഭടന്മാർ ബദ്ധശ്രദ്ധരായി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ മാതൃഭൂമിയിൽ ക്രീസ്തുരാജ്യം സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി എത്ര ധർമ്മഭടന്മാർ സന്നദ്ധരായിട്ടുണ്ട്? ഭാരത ഭൂമിയുടെയഥാർത്ഥസ്വാതന്ത്ര്യത്തിനും അക്ഷയശ്രേയസ്സിനും,കാലദേശാതീതമായക്രീസ്തുരാജ്യം നിദാനമായിരിക്കുന്നില്ലയൊ? ക്രീസ്തു പ്രബോധിപ്പിച്ച സനാതനസത്യദീപവും സന്മാർഗ്ഗികലവണവും സ്വരാജ്യനിവാസികളായ സഹോദരങ്ങൾക്ക് നൽകേണ്ടയൊ? അന്ധകാരത്തിന്റെ സ്വേച്ഛാധിപത്യത്തോടു ആജ്ഞാലംഘനം അനുവർത്തിച്ചും അധർമ്മപ്പട്ടാളത്തിന്റെ ലാത്തിപ്രയോഗമേററും ദൈവരാജ്യം പ്രചരിപ്പിക്കപ്പെടേണ്ടിയിരിക്കുന്നു. സ്നേഹം, കരുണ, ത്യാഗം, സഹനം, സത്യം, നീതി ഇതുകളാൽ ആയുധപാണികളായ ക്രിസ്ത്യൻഭടന്മാരെയാണ് ഇന്നു ഇന്ത്യാരാജ്യം ക്രിസ്തീയ മലബാറിൽനിന്നും ക്ഷണിക്കുന്നതു്. ഭാരതമാതാവിന്റെ ഈ അടിയന്തിരക്ഷണത്തെ സ്വീകരിക്കാൻ എത്ര പേർ തയ്യാറുണ്ട്. ദുർല്ലഭമാണെങ്കിലും ഈയിടെ പല യുവാക്കന്മാരും വേദപ്രചരണവേലക്കായി കേരളം വിട്ടിറങ്ങി ഭാരതത്തെ ലക്ഷ്യമാക്കി പുറപ്പെട്ടിരിക്കുന്നെന്നുകാണുന്നതു അത്യന്തം സന്തോഷകരം തന്നെ. ഈ ദൈവരാജ്യ സേവകന്മാരായ സാക്ഷാൽ ധർമ്മഭടന്മാരുടെസംഖ്യശത ഗുണീഭവിക്കട്ടെ. ഇതിലേക്കു കേരളീയ കത്തോലിക്കാ സമുദായം ഉണർന്നു പ്രാർത്ഥിച്ചു് നിരന്തരം പ്രയത്നിക്കട്ടെ. ഇങ്ങനെ മാർ തോമ്മാശ്ലീഹാ ഭാരതത്തിൽ ആരംഭിച്ചജോലി അവിടത്തെ മക്കളായ നാം കഴിവുള്ള വേഗത്തിൽ പൂർത്തീകരിക്കാൻ സർവ്വാത്മനാ പരിശ്രമിക്കേണ്ടിയിരിക്കുന്നു.

## പുതിയ കോട്ടാർ രൂപതയും മെത്രാനും.

കൊല്ലം രൂപതയുടെ തെക്കേ ഭാഗം കോട്ടാർ തലസ്ഥാനമായി ഒരു പുതിയ രൂപതയാക്കിയിരിക്കുന്നു. പുതിയ രൂപതയുടെ മെത്രാനായി കററാനം, ചാരുംമൂട് മുതലായ പള്ളികളുടെ വികാരിയും കായംകുളം സ്വദേശിയുമായ വന്ദ്യദിവ്യശ്രീ ഫാദർ ലോറൻസ് പെറയിരാ എന്ന ദേഹത്തേയാണു നിയമിച്ചിരിക്കുന്നതു്. കൊല്ലം രൂപതയെ ഇപ്പോൾ ഭരിക്കുന്ന പുണ്യചരിതനായ അലോഷ്യസ് മറിയ ബൻസിഗർ മെത്രാനച്ചന്റെ 25 കൊല്ലത്തെ ഭരണകാലത്തിനുള്ളിൽ കൊല്ലം രൂപതയിലെ വിശ്വാസികളുടേയും ദേവാലയങ്ങളുടെയും എണ്ണം വളരെ വർദ്ധിച്ചിട്ടുള്ളതിന്റെ ഫലമാണ് ഈ രൂപതാവിഭജനം. പുതിയ മെത്രാൻ കററാനം, ചാരുംമൂടു ആദിയായ പല പുതിയ പള്ളികളുടെയും സ്ഥാപകനും, പല പള്ളികളുടെ വികാരിജോലി ഒരേ സമയം വഹിച്ചുപോരുന്നയാളും യാക്കോബായക്കാരുടെ മാനസാന്തരത്തിൽ അത്യുത്സാഹിയും പ്രധാന പ്രവർത്തകനുമാണ്. ലോറൻസു പെറയിരാ മെത്രാനച്ചന്റെ കോട്ടാർ രൂപതാഭരണം സർവ്വപ്രകാരേണയും മംഗളകരമായിത്തീരണമെന്നു ഞങ്ങൾ ഹൃദയപൂർവ്വം ആശംസിച്ചുകൊള്ളുന്നു.

# കർമ്മല ഉത്തരീയഭക്തി.

(ഫാദർ ഹില്ലാര്യോൻ സി. ഡി.)

മഹാത്മാക്കളും പുണ്യവാന്മാരുമായ ഏലിയാ ഏലീശാ എന്ന ദീർഘദർശികളുടെയും മററു പല ഭക്തന്മാരുടെയും അധിവാസസ്ഥലമായ കർമ്മലമലയിൽനിന്നാണ് കർമ്മലമാതാവ്, കർമ്മലസഭ, കർമ്മല ഉത്തരീയം ഇത്യാദി പേരുകൾ ഉണ്ടായിരിക്കുന്നതു്. കാലങ്ങളുടെ തികവിൽ മനുഷ്യാവതാരമെടുത്ത പരിശുദ്ധ ത്രീത്വത്തിലെ രണ്ടാമാളായ പുത്രൻതമ്പുരാന്റെ മാതാവായിട്ടും തൻമൂലം നമ്മുടെ അമ്മയും മദ്ധ്യകയുമായിട്ടും പിറപ്പാനിരുന്ന അമലോത്ഭവയായ പരിശുദ്ധ കന്യകമറിയത്തെ തങ്ങളുടെ ദീർഘദൃഷ്ടിയിൽ കണ്ടിരുന്ന ആ നിവ്യന്മാരിലാണ് ആദ്യമായി മാതാവിന്റെ ഭക്തി ഉൽഭൂതമായതു്. ആ വിശുദ്ധന്മാരെ അനുകരിച്ച് അനേകംപേർ കാലാന്തരത്തിൽ മാതാവിന്റെ ഭക്തന്മാരായിതീൎന്നു. ഇവൎക്കു കർമ്മല മാതാവിന്റെ ദാസന്മാരെന്നും, കർമ്മല സഭക്കാർ എന്നും പേരുണ്ടായി.

ഈ സഭക്കാരുടെ ഒരുക്കൂട്ടം മദ്ധ്യയുഗങ്ങളിൽ പാശ്ചാത്യരാജ്യങ്ങളിലേക്കു കടന്ന് ഇററലി, ഇംഗ്ലണ്ട് മുതലായ പ്രദേശങ്ങളിൽ പ്രത്യേക സന്യാസഭവനങ്ങൾ ഉണ്ടാക്കുകയും, അനേകംപേർ കർമ്മല സഭാംഗങ്ങളായി ചേരുകയുംചെയ്തു. അക്കാലത്തു പ്രസ്തുത സഭക്കാരുടെ പൊതുശ്രേഷ്ഠനും, പുണ്യവാനുമായിരുന്ന വി. ശെമോൻസ്റ്റോക്ക് എന്നദേഹത്തിനു 1251 ജൂലൈ 16-ാംനു-കർമ്മലനാഥ കാണപ്പെട്ടുകൊണ്ടു് ഉത്തരീയം എന്ന ഒരു തിരുവസ്ത്രത്തെ പ്രദാനംചെയ്തു. തൽസമയം ഈ പരിശുദ്ധ കന്യക അദ്ദേഹത്തോടു്, ഈ തിരുഉത്തരീയം തന്റെ സ്നേഹത്തിന്റെ അടയാളമാണെന്നും, അതിനെ ഉറപ്പിക്കുന്ന ഒരു അച്ചാരമായി ഈ ഉത്തരീയത്തെ സ്വീകരിക്കണമെന്നും, ഈ പരിശുദ്ധ വസ്ത്രത്തെ ധരിക്കുന്ന ഭക്തരായ തന്റെ ദാസന്മാർ നരകത്തിൽ പോകയില്ലെന്നും, അവൎക്കു അനേക ആത്മീയനന്മകൾ സിദ്ധിക്കുമെന്നും മററും അരുളിച്ചെയ്യുകയുണ്ടായി. അന്നുമുതൽ കർമ്മല ഉത്തരീയഭക്തി പ്രചാരത്തിൽ വരികയും, വലിയ മഹാന്മാരും സാധാരണന്മാരും ഈ ഉത്തരീയം മുറപ്രകാരം സ്വീകരിച്ചു ഉപയോഗിക്കയും അതിൽനിന്നും അനേക നന്മകൾ ഈ ദിവ്യകന്യകയുടെ വചനങ്ങൾക്കനുസരണമായി പ്രാപിക്കുകയും ചെയ്തിട്ടുണ്ടു്.

ഈ പരിശുദ്ധ അമ്മതന്നെ ഒരിക്കൽ വി. ദൊമ്നീക്കോസിന്ന് പ്രത്യക്ഷയായി ജപമാല നൽകിയതും അതുവഴിയായി അനേക മാനസാന്തരങ്ങളും പല അനുഗ്രഹങ്ങളും വിശ്വാസികളുടെ ഇടയിൽ ഉണ്ടായിട്ടുള്ളതും സുപ്രസിദ്ധമാണല്ലോ. മറെറാരവസരത്തിൽ ഉൎസുല ബെനിങ്കാസ എന്നൊരു പുണ്യവതിക്ക് ദൈവജനനി കാണപ്പെട്ടു നീലഉത്തരീയം കൊടുത്തു അവളെ ആശീൎവ്വദിക്കയും ആ ഉത്തരീയം വഴിയായി അനേകൎക്കു ആത്മരക്ഷയ്ക്കുതകുന്നതായ പല ദൈവ വരങ്ങളും ലഭ്യമാകയും ചെയ്തിട്ടുണ്ടെന്നുള്ളതും വിസ്മരിക്കാവുന്നതല്ല. ലോകരക്ഷകന്റെ മാതാവായ പരിശുദ്ധമറിയം തന്റെ ആദരവിൽ ഏല്പിക്കപ്പെട്ട ക്രിസ്ത്യാനി ജനത്തെ രക്ഷയ്ക്കുപയുക്തങ്ങളായ ഏതെല്ലാം മാൎഗ്ഗങ്ങളിൽക്കൂടെയും എത്ര മാതൃവാത്സല്യത്തോടെയുമാണ് നടത്തിക്കൊണ്ടുപോകുന്നതെന്നു നോക്കുക.

കർമ്മലീത്താസഭക്കാരായ പാശ്ചാത്യമിഷ്യനറിമാർ മലങ്കര കത്തോലിക്കരെ ഭരിക്കാൻ തുടങ്ങിയതു മുതൽ "കർമ്മല ഉത്തരീയഭക്തി" നമ്മുടെ ഇടയിൽ പ്രചാരത്തിൽ വന്നിട്ടുള്ളതാണ്. വി. കർമ്മലനായികയുടെയും അങ്ങു ന

*

ൽകീട്ടുള്ള തിരു ഉത്തരീയത്തിന്റെയും ഭക്തി എന്നേക്കും നമ്മുടെ നാട്ടിൽ നിലനില്ക്കുന്നതിനായി, സമുദായ ജീവിതമുറ അനുസരിക്കുന്ന കൎമ്മലീത്ത സന്ന്യാസികളുടെയും, സന്ന്യാസിനികളുടെയും സഭകൾക്ക് അടിസ്ഥാനമിട്ടതും മേൽ പ്രസ്താവിച്ച കൎമ്മലീത്ത മിഷ്യനറിമാരാണെന്നുള്ളതു് പ്രസിദ്ധമായ സംഗതിയാണ്. ഈ വന്ദ്യ പുരോഹിതന്മാരുടെ നിരന്തര പ്രയത്നത്താലും, ഉപദേശങ്ങൾകൊണ്ടും മലയാളത്തിലെ എല്ലാ കത്തോലിക്ക് വിശ്വാസികളും തന്നെ ഉത്തരീയസഭക്കാരായി തീൎന്നു. മാത്രമല്ല, കാലാന്തരത്തിൽ ദേവമാതാവിന്റെ ഈ തിരുവുത്തരീയം മലയാളത്തിലുള്ള പുത്തൻകൂറുകാരായ സുറിയാനിക്കാരിൽനിന്നും കത്തോലിക്കരെ തിരിച്ചറിയുന്നതിനുള്ള ഒരു ഉപകരണമായിട്ടു കൂടെയും തീൎന്നിട്ടുണ്ട്.

കൎമ്മെല ഉത്തരീയം ധരിക്കുന്നവൎക്ക് കൎമ്മെലമാതാവ് വാഗ്ദാനം ചെയ്തറിയിച്ചിട്ടുള്ള നന്മകൾക്കും പുറമെ, അനേക ദണ്ഡവിമോചനങ്ങളും, മറ്റു അനുഗ്രഹങ്ങളും ലഭിക്കാവുന്നതാണ്. പരിശുദ്ധ കൎമ്മെലമാതാവിന്റെയും കൎമ്മെലഉത്തരീയത്തിന്റെയുംഭക്തിജനങ്ങളിൽ പരത്തുന്നതിനായിട്ട് തിരുസ്സഭയുടെ തലവന്മാരായ അനേക മാൎപ്പാപ്പാമാർ ശ്രമിച്ചിട്ടുള്ളതും, അതിനായി ചില തിരുഎഴുത്തുകൾ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാകുന്നു. തന്നെയുമല്ല, ദൈവജനനി കൎമ്മെല ഉത്തരീയം പ്രദാനം ചെയ്തതിന്റെ ഓൎമ്മയെ നിലനിറുത്തുന്നതിനായി ജൂലൈമാസം പതിനാറാംതിയതി ഒരു പ്രത്യേക തിരുനാളിനെയും ഏൎപ്പെടുത്തി ഘോഷിച്ചു വരുന്നുണ്ട്. പ്രസ്തുത തിരുനാൾ ദിനം കൎമ്മെലഉത്തരീയ സഭക്കാൎക്ക രക്ഷയുടെയും, ആയുസ്സിന്റെയും സ്വീകരിക്കപ്പെട്ട ദിവസം തന്നെയാണ്. മാതാവിന്റെ സഹായം അപേക്ഷിക്കുന്നതിന്നായിട്ടും അനുഗ്രഹങ്ങൾ ലഭിക്കുന്നതിന്നായിട്ടും തന്റെ ഭക്തന്മാരേവരും അന്നേദിവസം ദേവാലയത്തിൽകൂടി കുമ്പസാരിക്കയും വി. കുബ്ബാന കൈക്കൊള്ളുകയും ചെയ്യുന്ന പതിവും പ്രബലത്തിൽ തന്നെയിരിക്കുന്നു. കൂടാതെയും അന്നെദിനം ഏതെങ്കിലും ഒരു ദേവാലയത്തെ ഏത്രപ്രാവശ്യം സന്ദൎശിച്ചു മാൎപ്പാപ്പായുടെ നിയോഗപ്രകാരം പ്രാൎത്ഥിക്കുമൊ അത്രയും പ്രാവശ്യം (Toties Quoties) എന്ന പൂൎണ്ണ ദണ്ഡവിമോചനം സഖ്യാംഗങ്ങൾക്കു പ്രാപിക്കാവുന്നതുമാണ്.

കൎമ്മെലസഭയുടെയും, കൎമ്മെല ഉത്തരീയത്തിന്റെയും ഉത്ഭവവും, മഹാത്മ്യവും, ഈ ഉത്തരീയം വഴിയായി വിശ്വാസികൾക്ക് ലഭിക്കാവുന്ന വിവിധ അനുഗ്രഹങ്ങളും എത്രമാത്രമെന്നു മേൽ പ്രസ്താവിച്ചതിൽനിന്നും ഒരു വിധം മനസ്സിലാകുമെന്നു വിചാരിക്കുന്നു, എന്നാൽ ഈ തിരു ഉത്തരീയം മൂലം കിട്ടാവുന്ന ഫലങ്ങളും അനുഗ്രഹങ്ങളും പ്രാപിക്കുന്നതിനു് ഒന്നാമതായി, തവിട്ടുനിറമോ കറുത്തതോ ആയ, നെയ്തുണ്ടാക്കപ്പെട്ട രോമത്തുണികൊണ്ടുള്ള ഉത്തരീയം അഥവാ വെന്തിങ്ങ് അധികാരമുള്ള പട്ടക്കാരനിൽനിന്നു മുറപ്രകാരം സ്വീകരിച്ച് ഉത്തരീയം അഥവാ ആശീൎവ്വദിക്കപ്പെട്ട ഉത്തരീയ കാശുരൂപം എപ്പോഴും ധരിച്ചിരിക്കണം. 'ശനിയാഴ്ചവരം' (മരിച്ചശേഷംആദ്യശനിയാഴ്ച ശുദ്ധീകരണ സ്ഥലത്തിൽനിന്ന് കൎമ്മെലമാതാവിന്റെ ഭക്തർ വിമോചിക്കപ്പെടുമെന്നുള്ള പ്രത്യേകവരം) ലഭ്യമാകണമെന്നുള്ളവർ ദേവമാതാവിന്റെ ചെറിയ ഒപ്പീസ് പ്രതിദിനം ജപിക്കയോ, ബുധൻ, ശനി ദിവസങ്ങളിൽ മാംസവൎജ്ജനവും തിരുസ്സഭാനിയമപ്രകാരമുള്ള ഉപവാസങ്ങളും അനുഷ്ഠിക്കയോ ചെയ്കയും, പരിശുദ്ധമാതാവിന്റെ ഹൃദയശുദ്ധതയും കുറ്റമില്ലായ്മയും അനുകരിച്ച് ഓരോരുത്തന്റെ ജീവിതാവസ്ഥക്കനുയോജ്യമായ ഹൃദയശുദ്ധത അനുസരിക്കയുംകൂടെ ചെയ്യേണ്ടതാണ്.

മതനിഷ്ഠയും, വിശ്വാസവും സന്മാൎഗ്ഗനടപടിയും ക്ഷയിച്ചുവരുന്ന ഈ കാലത്ത് മറ്റു സുവിശേഷ ഉപദേശങ്ങളെയും ഭക്തികൃത്യങ്ങളെയും ഉപേക്ഷിക്കുന്ന കൂട്ടത്തിൻ കൎമ്മെലഉത്തരീയഭക്തിയും വളരെ കുറഞ്ഞുവരുന്നുവെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. ഈ ഉത്തരീയഭക്തി ക്ഷയിച്ചുവരുന്നതിനോട്ടുകൂ

ടിത്തന്നെ പരിശുദ്ധമാതാവിൻെറനേരെയുള്ള ഭക്തിയും കുറഞ്ഞുവരുന്നതിനെക്കുറിച്ച് വല്ലവരും ചിന്തിക്കുന്നുണ്ടോഎന്നു സംശയമാണ്. ആത്മരക്ഷ പ്രാപിക്കുന്നതിന്ന് ആഗ്രഹമില്ലാത്തവർ നമ്മുടെ സഹോദരസഹോദരിമാരിൽ ആരുംതന്നെയുണ്ടാകയില്ല. എന്നാൽ അതിന്നുള്ള പോംവഴികളിൽ ഏത്രയും പ്രധാനമായതും ഫലസിദ്ധിയുള്ളതുമായ ഒന്നാണ് മാതാവിൻെറ നേരെയുള്ള ഭക്തി എന്നുകൂടി ഓർക്കണം. രക്ഷപെട്ടന്നവർ എല്ലാവരും, ഈ മാതാവുവഴി രക്ഷപെട്ടമെന്നും, ഈ മാതാവിനോട്ട സഹായമപേക്ഷിച്ചവരാരുംതന്നെ നിരാശന്മാരായിട്ടില്ലെന്നും വി. പിതാക്കന്മാരിൽ പലരും നമ്മെ പഠിപ്പിക്കുന്നു.

ലൌകിക ആഡംഭരങ്ങളേയും, അഭിമാനത്തേയും, ശരീരസുഖത്തേയും, പ്രധാനമായി കരുതുന്നവർ വെന്തിങ്ങ് ധരിച്ചു നടക്കുന്നതു എന്തോ അഭിമാനക്കുറവായി കരുതുന്നതുപോലെ തോന്നുന്നു. "പ്രമാണം അനുസരിച്ച് നടന്നാൽ പോരെയോ? പിന്നെ എന്തിനാണ് ഈ വെന്തിങ്ങവും കൊന്തയും ഒക്കെ വേണമെന്നു പറയുന്നത്? എന്ന് ചിലർ രഹസ്യത്തിൽ പറയാതെയിരിക്കുന്നില്ല. എന്നാൽ ഇങ്ങനെ പറയുന്നവർ പ്രമാണങ്ങളെത്തന്നെയും അനുസരിക്കുന്നുണ്ടോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. മനുഷ്യ ബലഹീനതയും വിപരീതസാഹചര്യങ്ങളും ജയിച്ചുപോകുന്നതിന്ന് ദൈവസഹായം എല്ലാവക്കും അത്യാവശ്യമാണല്ലൊ. 'എന്നെ കൂടാതെ നിങ്ങൾക്ക് യാതൊന്നും ചെയ്യാൻ സാധിക്കുന്നതല്ല' എന്നുള്ള ദിവ്യരക്ഷകൻെറ വാക്യം ഓർക്കേണ്ടതാണ്. ദൈവസഹായം നേരിട്ട് ലഭിക്കുന്നതിനുള്ള നമ്മുടെ അയോഗ്യത വല്യതാണെന്ന് വല്ലവരും ചിന്തിക്കുന്നുണ്ടോ? അതിനാൽ പുണ്യവാന്മാരുടെ മാദ്ധ്യസ്ഥസഹായം, പ്രത്യേകമായി പരിശുദ്ധ കന്യകയുടെ സഹായം, നമുക്ക അത്യന്തം പ്രയോജനകരമാണ്.

ദൈവമാതാവ് തൻെറ ഭക്തന്മാരെ നടത്തുന്ന പലവിധ വഴികളിൽ ഒന്നാണ് തിരു ഉത്തരീയഭക്തി എന്നു നാം കണ്ടുവല്ലൊ. ആകയാൽ വിശ്വാസികൾ ഏവരും കർമ്മല ഉത്തരീയം ക്രമമായി സ്വീകരിച്ചുപയോഗിക്കുന്നതിൽ താല്പൎയ്യമുള്ളവരാകയും ഈ ജൂലായിമാസത്തിൽ ഇതു സംബന്ധിച്ചുള്ള എല്ലാ ഭക്തികൃത്യങ്ങൾക്കും പങ്കുകൊള്ളുകയും ചെയ്യണമെന്നോൎപ്പിക്കുന്നു.

---

# കർമ്മലഉത്തരിയവൈശിഷ്ട്യം.

(ഫാദർ പ്ളാസിഡ്, സി. ഡി., പി. എച്ച്. ഡി., ഡി. ഡി., ഡി. സി. എൽ.

കർമ്മലമാതാവിൻെറ ഉത്തരീയത്തിനുള്ള വിശേഷതകൾ ഏവയെന്നറിയുന്നതു ഇതിൻെറ സ്വീകരണത്തിലും ധാരണത്തിലും ഏവക്കും പ്രോത്സാഹജനകമായിരിക്കുമെന്നു കരുതി, ഈ ഉത്തരീയത്തിനുള്ള വിശേഷതകളുടെ ഒരു സംക്ഷേപം ചുവടെ ചേർക്കുന്നു.

1. പ. ക. മറിയംതന്നെ മനുഷ്യൎക്കു കല്പിച്ചുകൊടുത്തിട്ടുള്ള ഒരു സ്ഥാനവസ്ത്രമാകുന്നു കർമ്മല ഉത്തരീയം.

2. അതു് നിത്യരക്ഷയുടെ ഒരു അടയാളമാകുന്നു.

3. എല്ലാ അപത്തുകളിലും അതു നമുക്കു സഹായമായിരിക്കും.

4. സമാധാനത്തിൻെറയും രക്ഷയുടെയും ഒരു അച്ചാരമാണ് കമ്മെല ഉത്തരീയം.

5. ഉത്തരീയം ധരിക്കുന്നവർ നിത്യ നരകാഗ്നിയിൽനിന്നു രക്ഷപെടും.

6. പ. ക. മറിയത്തോടു നമുക്കുള്ള കടമകളെ നമ്മെ അനുസ്മരിപ്പിക്കുവാൻ ഏററം പയ്യാപ്തമായ ഒരുപകരണമാകുന്നു കമ്മെലോത്തരീയം.

7. ഉത്തരീയം യഥായോഗ്യം ധരിക്കുന്നവർ മറിയത്തിൻെറ വാത്സല്യമക്കളാകുന്നു.

8. നിരവധി അനുഗ്രഹങ്ങൾക്കു നിദാനമായിരിക്കുന്നു എന്നതാണ് ഉത്തരീയ സഖ്യത്തിൻെറ വിശേഷം.

9. പല പരിപൂണ്ണ ദണ്ഡവിമോചനങ്ങളും ഉത്തരീയ സഭക്കാക്കു ലഭിക്കുവാൻ പാടുണ്ട്.

10. ഈ സഭക്കാക്കു നൽകപ്പെട്ടിരിക്കുന്ന അപൂണ്ണ ദണ്ഡവിമോചനങ്ങൾ അസംഖ്യങ്ങളാണ്.

11. കക്കടകം 16-ാംനു-തോറും പ്രാപിക്കാവുന്ന ഒരു പ്രത്യേകവരം 13-ാം ലെഓൻ മാപ്പാപ്പാ ഉത്തരീയ സഭക്കാക്കു കല്പിച്ചനുവദിച്ചിട്ടുണ്ട്.

12. കമ്മെലീത്താ സഭവക പള്ളി സന്ദശിക്കുവാൻ സാധിക്കാത്തവക്കു ഇടവകപള്ളി സന്ദശിച്ചുകൊണ്ടു Toties Quoties എന്ന പ്രത്യേകവരം പ്രാപിക്കുവാൻ പാടുണ്ട്.

13. കമ്മെലീത്ത സഭയിൽ ചെയ്യപ്പെടുന്ന സുകൃത കൃത്യങ്ങളിൽ മററുള്ളവരെക്കാൾ കൂടുതലായി പ്രസ്തുത സഖ്യാംഗങ്ങൾ പങ്കു പററുന്നു.

15. ദൈവസ്നേഹത്തിൽ നിലനില്ക്കുവാനുള്ള പ്രത്യേക വരപ്രസാദം ഉത്തരീയത്താൽ കൈവരുത്തുവാൻ സാധിക്കും.

16. ഉത്തരീയ സഹായത്താൽ നടക്കുന്ന മാനസാന്തരങ്ങൾ അനവധിയാണ്.

17. മരണംപ്രാപിച്ച സഖ്യാംഗങ്ങൾ കമ്മെലീത്താ സഭയിൽ ചെയ്യപ്പെടുന്ന സുകൃതകൃത്യങ്ങളിൽ പ്രത്യേക വിധം പങ്കുപററുന്നു.

18. മരണംപ്രാപിച്ച സഖ്യാംഗങ്ങൾക്കുവേണ്ടി അനവധി കുബ്ബാനകൾ സമപ്പിക്കപ്പെടുന്നു.

19. അവക്കുവേണ്ടി ചൊല്ലപ്പെടുന്ന എല്ലാ കർബാനകൾക്കും "സ്വയംവരപീഠ"ത്തിൻെറ ഫലമുണ്ടായിരിക്കും.

20, ശനിയാഴ്ച വരത്തിൻെറ ശക്തിയാൽ സഖ്യാംഗങ്ങൾ ശുദ്ധീകരണസ്ഥലത്തിൽനിന്നു വേഗത്തിൽ വിമോചിക്കപ്പെടുന്നു.

21. ശുദ്ധീകരിക്കപ്പെടുന്ന സഖ്യാംഗങ്ങളെ പ. ക. മറിയം പ്രത്യേകവിധത്തിൽ ആശ്വസിപ്പിക്കുന്നുണ്ട്.

22. സ്വഗ്ഗത്തിലും സഖ്യാംഗങ്ങൾക്കു പ. ക. മറിയവുമായി പ്രത്യേകബന്ധമുണ്ടായിരിക്കും. അന്യക്കില്ലാത്ത സന്തോഷവും പ്രതാപവും അവക്കു സ്വന്തമായിരിക്കും.

## ദൈവേഷ്ടപ്രസാദത്തിലിരിക്കുന്ന
# ആത്മാവിൻെറ മഹത്വം.

(ഫാദർ അലെക്ക്സാണ്ടർ സി. ഡി.)

൧. "ദൈവേഷ്ടപ്രസാദത്തിലിരിക്കുന്ന ഒരാത്മാവിൻെറ അഴക് കാണ്മാൻ പാടുണ്ടായാൽ, മനുഷ്യവഗ്ഗംവിസ്മയത്താലും സന്തോഷത്താലും പരവശമായിപോകും" എന്നു മഹാത്മാവായ ബ്ലോസിയൂസ് പറഞ്ഞിരിക്കുന്നു. ഇഷ്ടപ്രസാദ

ത്തിലിരിക്കുന്ന ഒരു മനുഷ്യൻ, തൻെറ ആത്മാവു ദൈവത്തിനു എത്ര ഇഷ്ടമുള്ളതാണെന്നു അറിഞ്ഞാൽ സന്തോഷാധിക്യത്താൽ അവൻ മരിച്ചുപോകും എന്നു വിശുദ്ധ മറിയംമഗ്ദലേത്താ ദെ പാസീസ് നമ്മെ പഠിപ്പിക്കുന്നു. ഇതിൻെറ ന്യായം സ്പഷ്ടമാണ്. തീയിൽ ഇടപ്പെട്ട ഇരുമ്പ് ചൂടുപിടിക്കയും തീമയമാകയും ചെയ്യുന്നതുപോലെ, ശുദ്ധീകരിക്കുന്ന ഇഷ്ടപ്രസാദത്താൽ നമ്മുടെ ആത്മാവ് ദൈവസ്നേഹത്തിൽ എരിയുകയും, ദൈവിക സ്വഭാവത്തിൽ പങ്കാളിയാകയും ചെയ്യുന്നു. (2 Peter 1. 4). "റൂഹാദ്കുദ്ശാ തമ്പുരാൻെറ പ്രവൃത്തിയാൽ നാം ദേവന്മാരായി ചമയുന്നു" എന്നു മഹാ ശാസ്ത്രിയായ വി. തോമ്മാ മല്പാൻ പഠിപ്പിക്കുന്നു. "ഇഷ്ടപ്രസാദത്തോടുകൂടെ ദൈവസ്വഭാവവും നമുക്കു നൽകപ്പെടുന്നു" എന്നു വിശുദ്ധ മാക്സിമൂസ് വ്യാഖ്യാനിക്കുന്നു. ഓരോരുത്തൻ ദൈവേഷ്ടപ്രസാദത്തെ നന്മപ്രവൃത്തികളാൽ എന്തുമാത്രം വൎദ്ധിപ്പിക്കുമോ, അത്രയ്ക്കു അധികമായി അവനവൻെറ ആത്മമഹത്വം വൎദ്ധിക്കുന്നു. നക്ഷത്രങ്ങളും, സൂൎയ്യചന്ദ്രന്മാരും, പ്രകാശത്തിൽ എത്ര വ്യത്യസ്തങ്ങളായിരിക്കുന്നുവോ, അപ്രകാരം ദൈവേഷ്ടപ്രസാദത്തിൽ കൂടുതൽ അഭിവൃദ്ധി പ്രാപിച്ചവർ കൂടുതൽ മഹിമയോടെ ശോഭിക്കുന്നതാണ്. ഒടുക്കത്തെ ദിവസത്തിൽ മരിച്ചവരുടെ ഉയിർപ്പുണ്ടാകുമ്പോൾ ഓരോ നീതിമാനും ആത്മത്തിൽ പ്രാപിച്ചിരിക്കുന്ന ദൈവേഷ്ടപ്രസാദത്തിൻെറ വൎദ്ധനവിനു തക്കവണ്ണം ശരീരത്തിലും കൂടുതൽ പ്രകാശവും മഹിമയും ലഭിക്കുന്നതാണ്. "അപ്പഴെ നമ്മുടെ എല്ലാ ശ്രമവും ആത്മത്തിന്നുവേണ്ടി ആയിരിക്കട്ടെ; എന്തുകൊണ്ടെന്നാൽ ശരീരത്തിൻെറ സാക്ഷാൽ ലാഭവും ഇതു തന്നെയാണ്; അല്ലെങ്കിൽ അതു ആത്മത്തോടുകൂടെ നശിച്ചുപോകും" എന്നു വിശുദ്ധ യോഹന്നാൻ ക്രീസോസ്തോമ്മോസ് മല്പാൻ നമ്മോടുപദേശിക്കുന്നു.

2. ദൈവേഷ്ടപ്രസാദത്തിലിരിക്കുന്ന ഒരാത്മാവിൻെറ അഥവാ ഒരു നീതിമാൻെറ മഹത്വം മേല്പറഞ്ഞതുകൊണ്ടു തീൎന്നില്ല. അവൻ മാമ്മോദീസാ വഴിയായി ദൈവത്തിൻെറ ദത്തുപുത്രനായിരിക്കുന്നു. ആകാശരാജ്യത്തിൻെറ അവകാശിയും ആയിരിക്കുന്നു. ആകാശത്തിലിരിക്കുന്ന നിത്യപിതാവിനെ, പുത്രസ്വീകരണത്തിൻെറ യോഗ്യതയാൽ, "പിതാവേ" എന്നു വിളിക്കുന്നു. പിതാവ് നിശ്ചയിച്ച കാലത്തോളം ഭൂമിയിൽ ജീവിച്ച് പുണ്യയോഗ്യതകൾ സമ്പാദിച്ചശേഷം, സ്വൎഗ്ഗത്തിൽ ചെന്നുചേരുവാൻവേണ്ടി നല്ല മരണത്തിന്നു ഒരുങ്ങിയിരിക്കുന്നു.- മുന്തിരിതണ്ടിനോടു ശിഖരം ചേൎന്നിരിക്കുന്നതുപോലെ, ലോകരക്ഷകനായ ഈശോമിശിഹായോടു അവൻ ചേൎന്നിരിക്കുന്നു; ജീവൻെറ നീരിനെ എല്ലാപ്പോഴും ഈശോയിൽനിന്നു അവൻ വലിച്ചെടുക്കുന്നു; അങ്ങേയോഗ്യതകൾ മൂലം ആകാശരാജ്യത്തിൻെറ കൂട്ടവകാശിയും, അങ്ങേ ജ്ഞാനശരീരത്തിൻെറ അംഗവുമായി തീൎന്നിരിക്കുന്നു. അങ്ങേ തിരുശരീരം ഭക്ഷിച്ചുകൊണ്ടും അങ്ങേ തിരുരക്തം കുടിച്ചുകൊണ്ടും സദാ ആദ്ധ്യാത്മിക ജീവിതത്തിൽ വളരുകയും ചെയ്യുന്നു.- ഇതും പോരാ അവൻ ദൈവത്തിൻെറ ആലയമായിരിക്കുന്നു, റൂഹാദ്കുദ്കുദശാ തമ്പുരാൻ അവനിൽ നിവസിക്കുന്നു, (I. Cor. III. 16). എന്നുമാത്രമല്ല, ബാവാ, പുത്രൻ, റൂഹാദക്കുദശാ ആകുന്ന പരിശുദ്ധ ത്രിത്വം സന്തോഷത്തോടെ അവനിൽ വാസം ഉറപ്പിച്ചിരിക്കുന്നു. (John XIV. 23). ഇതു എത്രയൊ വലിയ മഹത്വം!

3. ദൈവേഷ്ടപ്രസാദത്തിലിരിക്കുന്ന ആത്മാവിലേക്കു റൂഹാദക്കുദശാതമ്പുരാൻ തൻെറ ഏഴുദാനങ്ങളേയും ചിന്തുന്നു. അതായതു്; ബോധജ്ഞാനം, ബുദ്ധി വിചാരം, ആത്മശക്തി, അറിവു, ഭക്തി, ദൈവഭീതി എന്നീ ദാനങ്ങളെ അതിന്നു കൊടുത്തു, അനിത്യനന്മകളിൽനിന്നു ഹൃദയത്തെ നീക്കി നിത്യനന്മയായ ദൈവത്തോടുചേൎന്നു ഭാഗ്യപ്പെട്ട ജീവിതം കഴിപ്പാൻവേണ്ട വെളിവും ശക്തിയും അതിന്നു നൽകുന്നു. ഈ ഏഴുദാനങ്ങളെക്കാൾ ഏററം വി

ശേഷിക്കപ്പെട്ട വിശ്വാസം, ശരണം, ഉപവി എന്നീ ദൈവിക പുണ്യങ്ങളാൽ സൃഷ്ടിയിൽനിന്നു അതിനെ ഉയർത്തി നിത്യസമ്മാനത്തിന്നു യോഗ്യതയുള്ള പ്രവൃത്തികളെ ചെയ്യുന്നതിന്നുവേണ്ട ദൈവികവെളിവും മനോശക്തിയും അതിന്നു പ്രദാനം ചെയ്യുന്നു. അപ്പഴൊ ഭൂമിയിൽ മൃഗത്തിന്നു തുല്യനായി ജീവിക്കുന്ന ഒരു പാപിയുടെ നിർഭാഗ്യസ്ഥിതിയും, ദൈവേഷ്ടപ്രസാദത്തിലിരിക്കുന്ന നീതിമാന്റെ ഭാഗ്യപ്പെട്ട സ്ഥിതിയും തമ്മിൽ എത്രയൊ ദൂരവ്യത്യാസമുണ്ടെന്നു മേൽപ്രസ്താവിച്ചവയിൽനിന്നു ഒരുവിധം ഗ്രഹിക്കാവുന്നതാണ്. ആകയാൽ സത്യവിശ്വാസികൾ തങ്ങളുടെ വിശ്വാസത്തിന്നു അനുരൂപമായി ജീവിപ്പാൻ ശ്രമിക്കുന്നതു വലിയ ബോധജ്ഞാനമാണ്.

## മാർ തോമ്മാ ശ്ലീഹായുടെ

# മരണത്തിരുനാൾ.

(ഫാദർ റൊമേയൊ തോമസ് സി.ഡി., എം. എ. (ഓണേഴ്സ്) എൽ റി.)

ഈശോമ്ശിഹായുടെ പന്ത്രണ്ടു ശിഷ്യന്മാരിൽ ഒരാളായ വി. തോമ്മായെ മലയാളത്തിലെ സുറിയാനിസഭയും ബാബേലിലെ പൌരസ്ത്യ സുറിയാനിസഭയും തങ്ങളുടെ പ്രഥമ ശ്ലീഹായും പിതാവുമായി ബഹുമാനിച്ചുവരുന്നു. മലയാള, അഥവാ മലങ്കരസഭയും ഇതര സുറിയാനിസഭകളും വി. തോമ്മായുടെ ബഹുമാനാർത്ഥം പല തിരുനാളുകൾ കൊണ്ടാടുന്നുണ്ട്.

വിശുദ്ധ ശ്ലീഹാ മലങ്കരയിൽ ആദ്യമായി വന്നിറങ്ങിയതു നവംബർ ൨൧-ാംനു-യിലാണെന്നു മലങ്കര നസ്രാണികൾ പാരമ്പര്യമായി വിശ്വസിച്ചുപോന്നു. ഈ സംഭവത്തിന്റെ ഓർമ്മക്കായി പ്രസ്തുത തീയതിയിൽ ഒരു തിരുനാൾ ൧൭-ാം നൂററാണ്ടിൽ അവർ ആചരിച്ചിരുന്നതായി രേഖയുണ്ട്. ഇപ്പോഴാകട്ടെ ഈ തിരുനാൾ ആഘോഷിക്കപ്പെടുന്നില്ല.

നമ്മുടെ കർത്താവിന്റെ തിരുവിലാവിൽ വി. തോമ്മാ കൈവിരൽ ഇട്ടതിന്റെ ഓർമ്മക്കായി പുതുഞായറാഴ്ച വേറൊരു തിരുനാളും അവർ അന്നു ആചരിച്ചിരുന്നു. ഇപ്പോഴും ഈ തിരുനാൾ ആഘോഷിക്കപ്പെടുന്നു. ഗ്രേക്കർ, റുമേനിയർ, സ്ലാവർ, കോപ്തർ, പാശ്ചാത്യ സുറിയാനിക്കാർ മുതലായ മററു കിഴക്കൻ സഭകളും പൂർവ്വകാലംമുതൽ ഇന്നുവരെ ഈ തിരുനാൾ കൊണ്ടാടിവരുന്നു.

മലങ്കരസഭയും ഇതര സുറിയാനിസഭകളും വി. തോമ്മാ ശ്ലീഹായുടെ ബഹുമാനാർത്ഥം പൂർവ്വകാലംമുതൽ ഇന്നുവരെ ആചരിച്ചുവരുന്ന പ്രധാന തിരുനാൾ ജൂലൈ (കർക്കടകം) മൂന്നാം തീയതിയിലെ ദുക്റാനത്തിരുനാളാണ്. ഈ തിരുനാളും പുതുഞായറാഴ്ച തിരുനാളും നസ്രാണികൾ വളരെ ആഘോഷമായിട്ടാണ് കൊണ്ടാടിയിരുന്നതെന്നു കൊടുങ്ങല്ലൂക്കാരൻ യൌസേപ്പ എന്ന വിദേശസഞ്ചാരി ൧൫൦൧-ൽ യൂറോപ്യന്മാരോടു പ്രസ്താവിക്കയുണ്ടായി. ൧൭൮൫-ൽ മലയാളത്തിൽ എഴുതപ്പെട്ടതും ഇപ്പോൾ വത്തിക്കാൻ ഗ്രന്ഥശാലയിൽ സൂ

ക്ഷിക്കപ്പെടുന്നതുമായ ഒരു പുസ്തകത്തിൽ ദുക്റാനത്തിരുനാളിനെക്കുറിച്ചും അനുവായിക്കപ്പെടുന്നവേദപുസ്തകഭാഗത്തേക്കുറിച്ചും പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ദുക്റാനത്തിരുനാൾ പൂർവ്വകാലംമുതൽ മലങ്കരയിൽ കടമായി ആചരിച്ചിരുന്നുവെന്നു ഉദയമ്പേരൂർ സൂനഹദോസു സാക്ഷ്യം വഹിക്കുന്നു. മൈലാപ്പൂരിൽ ജൂലൈമാസം മുഴുവനും ഈ തിരുനാളാഘോഷത്തിനു മാററിവച്ചിരുന്നതായി ആറാം നൂററാണ്ടിലെ ഒരു ചരിത്ര രേഖയിൽനിന്നനുമാനിക്കപ്പെടുന്നു. ബാബേലിലേയും അന്തിയോക്കിയായിലെയും സുറിയാനിസഭകളും ദുക്റാനത്തിരുനാൾ പൂർവ്വകാലംമുതൽ ജൂലൈ ൩-ാംനു- ആഘോഷിച്ചിരുന്നു എന്ന് ഈ സഭകളുടെ പൂർവ്വികങ്ങളായ കാനോൻ ജപങ്ങളും, വത്തിക്കാൻ ഗ്രന്ഥശാലയിൽ സംരക്ഷിക്കപ്പെടുന്ന പഴയ സുറിയാനി കയ്യെഴുത്തു പുസ്തകങ്ങളും, അനേകം ഇതരരേഖകളും പ്രസ്താവിക്കുന്നു. നാലാംനൂററാണ്ടിൽ ശോഭിച്ചിരുന്ന സുപ്രസിദ്ധ സഭാപിതാവും സുറിയാനിക്കാരുടെ മല്പാനുമായ വി. അപ്രേം സാക്ഷിക്കുന്നതു്, മാർ തോമ്മാ ശ്ലീഹായുടെ ദുക്റാന എല്ലാ സ്ഥലങ്ങളിലും കൊണ്ടാടപ്പെട്ടിരുന്നുവെന്നാണ്. വി. തോമ്മായുടെ ഓർമ്മക്കായി സുറിയാനി സഭകൾ കൊണ്ടാടിവരുന്ന പല തിരുനാളുകളിൽ ഈ ദുക്റാനത്തിരുനാളിനു മാത്രമാണ് പ്രത്യേകതരമായ കാനോൻജപം നിശ്ചയിച്ചിരിക്കുന്നതു്. മലങ്കരസഭയാകട്ടെ ഇന്നും ഇതിനെ കടമായി ആചരിക്കുന്നു.

ഏതു മഹൽസംഭവത്തിന്റെ ഓർമ്മയാണ് ഈ ദുക്റാന തിരുനാൾ? വി. തോമ്മാശ്ലീഹാ മൈലാപ്പൂരിൽവെച്ചു രക്തസാക്ഷിയായി മരിച്ചതിന്റെ ഓർമ്മയാണ് ഈ തിരുനാൾ. മാർ തോമ്മാ ശ്ലീഹാ രക്തസാക്ഷിയായി മരിച്ച് സ്വർഗ്ഗത്തിൽ പ്രവേശിച്ചു ജയമുടി ചൂടിയ സുദിനത്തിന്റെ ഓർമ്മയാണ് ഈ ദുക്റാനത്തിരുനാൾ എന്ന് കത്തോലിക്കരും അകത്തോലിക്കരുമായ വിവിധ സുറിയാനി ജാതിക്കാർ പൂർവ്വകാലംമുതൽ ഇന്നുവരെ ഈ സുദിനത്തിൽ ജപിച്ചുവരുന്ന കാനോൻ ജപങ്ങളിൽ വിശദമായി പ്രസ്താവിച്ചിരിക്കുന്നു. ഇപ്രകാരമുള്ള ചരിത്ര രേഖകളെ അടിസ്ഥാനമാക്കിക്കൊണ്ടു് മിലാനിലെ ഇപ്പോഴത്തെ മെത്രാപ്പോലിത്തായായ ഷൂസ്റ്റർ കർദ്ദിനാൾ പ്രസ്താവിക്കുന്നതു്, ജൂലൈ ൩-ാംനു-യിലെ തിരുനാൾ "പൌരസ്ത്യ സഭക്കാർക്കു പൂർവ്വകാലംമുതൽ മാർ തോമ്മാശ്ലീഹായുടെ മരണദിനം (il natale) ആണെന്നത്രെ.

ബാബേലിന്റെ മാർ യൌസേപ്പ അമ്മാനുവെൽ തോമ്മാ പാത്രിയർക്കീസു ബാവാ ഈ ലേഖകനു കഴിഞ്ഞ സെപ്ററംബർ 24-ാംനു- അയച്ച ഒരു തിരുവെഴുത്തിൽ ഇപ്രകാരം പറയുന്നു. "ഇപ്പോഴത്തെപ്പോലെതന്നെ എക്കാലത്തും ജൂലൈ ൩-ാംനു- ആചരിച്ചിരുന്ന മാർ തോമ്മാശ്ലീഹായുടെ ഈ തിരുനാൾ എന്തു സംഭവത്തിന്റെ ഓർമ്മയെ ആണു കൊണ്ടാടുന്നതു്? ഈ തിരുനാൾ അദ്ദേഹത്തിന്റെ വിശുദ്ധമരണത്തേയും രക്തസാക്ഷിത്വത്തേയുമാണു, മററൊന്നിനെയുമല്ല, നമുക്കു ഓർമ്മിപ്പിക്കുന്നതു് എന്നു നാം പ്രസ്താവിച്ചുകൊള്ളുന്നു. കൂടാതെ, മാർ തോമ്മാ ജൂലൈ മൂന്നാംതീയതി രക്തസാക്ഷിത്വമനുഭവിച്ചു മരിച്ചു എന്നുള്ള ഈ പാരമ്പര്യം, വേർപെട്ടു നിൽക്കുന്ന ഞങ്ങളുടെ റീത്തുകാരുടെ (നെസ്തോറിയരുടെ) ഇടയിലും, (കത്തോലിക്കാസഭയോടു) ഏകീഭവിച്ചവരും ഇടത്തുട്ടുകാരും (യാക്കോബായക്കാരും) ഉൾപ്പെട്ട പാശ്ചാത്യ സുറിയാനിക്കാരുടെ ഇടയിലും പൊതുവായി നിസ്സംശയം കാണപ്പെടുന്നു".

കൽദായ പാത്രിയർക്കീസിന്റെ ഈ പ്രസ്താവനയെ അന്തിയോക്കിയാ പാത്രിയർക്കീസും സ്ഥിരീകരിക്കുന്നു. കഴിഞ്ഞമാസം ൭-ാംനു- അന്തിയോക്കിയായിലെ കത്തോലിക്കാ സുറിയാനി പാത്രിയർക്കീസായ എഗ്നാത്തിയൂസ് ഗബ്രിയേൽ ബാവാ അയച്ച ഒരു തിരുവെഴുത്തിൽ പ്രസ്താവിച്ചിരിക്കുന്നതു ഇപ്രകാരമാണ്. "സുറിയാനിക്കാരുടെ അന്തിയോക്കിയാ സഭമുഴുവനും, അതായതു, റോമ്മാ മല്ക്കായക്കാർ എന്നു നമ്മുടെ ഇക്കാലത്തു വിളിക്കപ്പെടുന്ന മല്ക്കായ സുറിയാനിക്കാർ, കൽദായക്കാരെന്നും

നെസ്തോറിയൻകാർ എന്നും ഇന്നു അറിയപ്പെടുന്ന പൌരസ്ത്യ സുറിയാനിക്കാർ, പാശ്ചാത്യസുറിയാനിക്കാർ, മാറോനായ സുറിയാനിക്കർ എന്നിങ്ങനെ കാലാന്തരത്തിൽ വിഭജിക്കപ്പെട്ടുപോയ നാലു ജാതിക്കാരും ജൂലൈ ൩-ാംനു- ഇൻഡ്യയുടെ ശ്ലീഹായായ മാർ യൂദാ തോമ്മായുടെ രക്തസാക്ഷിത്വതിരുനാൾ ആഘോഷിക്കുന്നു. ആ ദിവസം അവരുപയോഗിക്കുന്ന ഒരു പ്രത്യേക ശുശ്രൂഷ ഇപ്പോഴം അതിനു (ആ തിരുനാളിനു) ഉണ്ടായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഒരു കാലത്തു എല്ലാവരും അന്തിയോക്കിയായിലെ ഏക പാത്രിയക്കീസിനു കീഴ്പ്പെട്ടിരുന്നു...... ഇൻഡ്യയിൽനിന്നു ഉറഹായിലേക്കുള്ള മാർ തോമ്മാശ്ലീഹായുടെ അസ്ഥിമാററത്തിൻെറ ഓർമ്മ ഒരു കാലത്തു ഞങ്ങളുടെ അന്തിയോക്കിയാ സുറിയാനി സഭ അഗസ്റ്റ് 22-ാംനു- കൊണ്ടാടിയിരുന്നു. ക്രീസ്ത്വബ്ദം 394-ൽ ആ പട്ടണത്തിൻെറ മെത്രാനായിരുന്ന മാർ ക്രൂറോ (Cyrus) യുടെ നാളുകളിൽ അതു സംഭവിച്ചു. ശ്ലീഹായുടെ പെട്ടകം ശ്ലീഹായുടെ വലിയ പള്ളിയിൽ അവിടെ തന്നെ സ്ഥാപിക്കപ്പെട്ടു. 'ചുരുക്കമായി വിവരിക്കപ്പെട്ടിരിക്കുന്ന സംഭവവിവരണങ്ങളിൽ', അതായതു, 'ഉറഹായുടെ പുരാതന ചരിത്രങ്ങളിൽ' ഇതെഴുതപ്പെട്ടിട്ടുണ്ട്. ഞങ്ങളുടെ അന്തിയോക്കിയാസഭയിൽ ഈ ഓർമ്മ ഈ കാലത്തു ഇല്ലാതായിരിക്കുന്നു. യാക്കോബായസുറിയാനിക്കാർ സെപ്ററംബർ 10-ൽ ശ്ലീഹായുടെ അസ്ഥിമാററത്തിൻെറ ഓർമ്മ കൊണ്ടാടുന്നു എന്നതു ഞങ്ങളുടെ സഭയിൽ ഇല്ല. മുകളിൽ നാം പറഞ്ഞതുപോലെ അഗസ്റ്റ് 22-ലേതു് സെപ്ററംബർ 10-ലേക്കു ഒരു പക്ഷേ അവർ മാററിയതായിരിക്കാം.".

പാത്രിയക്കീസു തിരുവെഴുത്തിൽ പ്രസ്താവിച്ചിട്ടുള്ള "ചുരുക്കമായി വിവരിക്കപ്പെട്ടിരിക്കുന്ന സംഭവവിവരങ്ങൾ" സുപ്രസിദ്ധവും വിശ്വസനീയവുമായ ഒരു ചരിത്രരേഖയാണ്. Chronicon Edessanum (ഉറഹായുടെ നാളാഗമം) എന്നറിയപ്പെടുന്ന ഈ ചരിത്ര രേഖ, കത്തോലിക്കനായ ഒരു ഉറഹാക്കാരൻ ഉറഹായിലെ ചരിത്ര റിക്കാർട്ടുകളെ അടിസ്ഥാനമാക്കി, ക്രീസ്ത്വബ്ദം 540-ൻെറയും 550-ൻെറയും ഇടക്കു എഴുതിയിട്ടുള്ളതാണ്. ക്രീസ്തുവിനുമുമ്പു 131 മുതൽ ക്രീസ്ത്വബ്ദം 540 വരെയുള്ള ഉറഹായുടെ ചരിത്രമാണ് ഇതിൽ അടങ്ങിയിരിക്കുന്നതു്. 394-നു മുമ്പുതന്നെ വി. ശ്ലീഹായുടെ തിരുവസ്ഥികൾ മൈലാപ്പൂരിൽനിന്നു മെസൊപ്പൊട്ടേമിയായിലേക്കു കൊണ്ടുപോയിട്ടുണ്ടായിരുന്നു എന്നു വി. അപ്രേമിൻെറ പ്രസ്താവനയിൽനിന്നു നമുക്കു അനുമാനിക്കാം. എന്നാൽ തിരുവസ്ഥികൾ ആഘോഷമായി ഉറഹായിൽ സ്ഥാപിച്ചതിനേക്കുറിച്ചാണ് ഉറഹായുടെ നാളാഗമത്തിൽ പറഞ്ഞിട്ടുള്ളതു്. ഇൻഡ്യയിൽനിന്നുകൊണ്ടുചെന്ന തിരുവസ്ഥികൾ ആദ്യമായി ഉറഹായിൽ സ്ഥാപിച്ചതു 394-ൽ ആയിരിക്കാം. അതുഎങ്ങിനെയിരുന്നാലും, 394 അഗസ്റ്റ് 22-ാംനു- വി. തോമ്മാശ്ലീഹായുടെ തിരുവസ്ഥികൾ ഉറഹായിലെ അദ്ദേഹത്തിൻെറ വലിയ ദേവാലയത്തിൽ ആഘോഷമായി സ്ഥാപിക്കപ്പെട്ടു എന്നും അതിൻെറശേഷം ഏതാനും വർഷങ്ങൾ കഴിഞ്ഞപ്പോൾ അനറേറാലിയസു എന്ന സൈന്യാധിപൻ തിരുവസ്ഥികൾ ബഹുമാനപുരസ്സരം സൂക്ഷിക്കുന്നതിനായി വെള്ളികൊണ്ടു് ഒരു പെട്ടി ഉണ്ടാക്കിച്ചുകൊടുത്തു എന്നും ഈ നാളാഗമത്തിൽ വിശദമായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ഇതിനുമുമ്പ്, ആഘോഷമായ അസ്ഥിമാററം ഉറഹായിൽ സംഭവിച്ചതായിട്ടോ, വേറൊരു അസ്ഥിമാററത്തിരുനാൾ ഏതെങ്കിലും തീയതിയിൽ അവിടെ കൊണ്ടാടിയിരുന്നതായിട്ടോ, ഈ നാളാഗമക്കാരൻ പറയുന്നില്ല. പാശ്ചാത്യ സുറിയാനിസഭ പൂർവ്വ കാലത്തിൽ കൊണ്ടാടിയിട്ടുള്ള ഏക അസ്ഥിമാററത്തിരുനാളും അഗസ്റ്റ് ൨൨-ാംനു- അത്രേ. വി. തോമ്മാശ്ലീഹായുടെ തിരുവസ്ഥികൾ ഇൻഡ്യയിൽനിന്ന് ഉറഹായിലേക്കു മാററിയതിൻെറ ഓർമ്മയ്ക്കായി പാശ്ചാത്യ സുറിയാനിക്കാർ പൂർവ്വകാലങ്ങളിൽ തിരുനാൾ ആഘോഷിച്ചിട്ടുള്ളതും, അഗസ്റ്റ് ൨൨-ാംനു- അത്രെ. ജൂലൈ ൩-ാംനു- ഒരു അസ്ഥിമാററം സംഭവിച്ചതായി അ

വർ അറിഞ്ഞിട്ടില്ല. അസ്ഥിമാററത്തിരുനാൾ ജൂലൈ ൩-ാംനു- അവർ ഒരു കാലത്തും ആഘോഷിച്ചിട്ടുമില്ല.

യാക്കോബായ സുറിയാനിക്കാർ ഈ അസ്ഥിമാററതിരുനാൾ ആഗസ്റ്റ് ൨൨ാം നു-യിൽനിന്നു സെപ്റ്റംബർ ൧൦-ാം നു-യിലേക്കു മാററിയതു് ഏതുകാലത്താണെന്നു അറിഞ്ഞുകൂടാ. നാലു നൂററാണ്ടുകൾക്കുമുമ്പും യാക്കോബായക്കാർ അസ്ഥിമാററത്തിരുനാൾ സെപ്തംബർ 10-ാം തീയതിതന്നെ ആഘോഷിച്ചിരുന്നു എന്നു 1547-ൽ എഴുതപ്പെട്ടതും ഇപ്പോൾ വത്തിക്കാൻ ഗ്രന്ഥശാലയിൽ സംരക്ഷിക്കപ്പെടുന്നതുമായ ഒരു സുറിയാനികയ്യെഴുത്തു പുസ്തകത്തിൽ കാണുന്നു.

കൽദായക്കാരും നെസ്തോറിയൻകാരും വി. തോമ്മാശ്ലീഹായുടെ സ്തുതിക്കായി (പുതുഞായറാഴ്ച കൂടാതെ) ജൂലൈ ൩-ാംനു-യിലെ ദുക്റാനത്തിരുനാൾ മാത്രമെ ആഘോഷിക്കുന്നുള്ളു. ഈ തിരുനാൾ മരണത്തിരുനാളായി മാത്രമാണു് അവർ ആഘോഷിക്കുന്നതു്. അസ്ഥിമാററത്തിന്റെ ഓർമ്മക്കു തിരുനാൾ കൊണ്ടാടുക എന്ന പതിവേ അവർക്കില്ല.

മലങ്കരസഭ പൂർവ്വകാലംമുതൽ കൽദായപാത്രിയർക്കീസിന്റെ ഭരണസീമയിൽ ഉൾപ്പെട്ടിരുന്നു. കൽദായ റീത്തുതന്നെയാണു മലങ്കരസഭയും പൂർവ്വകാലം മുതൽ ഉപയോഗിച്ചിരുന്നതു. അകയാൽ മലങ്കരസഭ പൂർവ്വകാലംമുതൽ ജൂലൈ ൩-ാംനു- ആഘോഷിച്ചിരുന്ന ദുക്റാനത്തിരുനാളും ബാബേലിലേ കൽദായ സുറിയാനിക്കാർ ജൂലൈ ൩-ാംനു- ആഘോഷിച്ചിരുന്ന ദുക്റാനത്തിരുനാളും ഒന്നുതന്നെയാണെന്നു തീർച്ചയാണ്. മാർ തോമ്മാശ്ലീഹായുടെ അസ്ഥികളിൽ ഒരുഭാഗം ഇൻഡ്യയിൽനിന്നു ഉറഹായിലേക്കു കൊണ്ടുപോയതു, ഇൻഡ്യയേ സംബന്ധിച്ചിടത്തോളം ഒരു നഷ്ടംതന്നെയാണ്. ഈ നഷ്ടത്തിന്റെ ഓർമ്മയാണു മാർ തോമ്മാശ്ലീഹായുടെ പ്രധാന തിരുനാളായി, കടമുള്ള തിരുനാളായി, അത്യാഡംബരപൂർവ്വം ഇൻഡ്യാക്കാർ കൊണ്ടാടിയിരുന്നതു എന്നു ഊഹിക്ക അത്ര എളുപ്പമല്ല. ബാബേൽക്കാർക്കുപോലും ഇല്ലാതിരുന്ന അസ്ഥിമാററത്തിരുനാൾ ഇൻഡ്യാക്കാർ സ്വമേധയാ ഏർപ്പെടുത്തി എന്നോ, അഥവാ, ബാബേൽക്കാർ മരണത്തിരുനാളായി കൊണ്ടാടിയിരുന്ന ദുക്റാന ഇൻഡ്യാക്കാർ അസ്ഥിമാററത്തിരുനാളായി പകർത്തിയെന്നൊ പറയുന്നതു അസംഭവ്യമത്രെ. ജൂലൈ ൩-ാംനു- മൈലാപ്പൂരിൽ നിന്നു ഉറഹായിലേക്കു വി. ശ്ലീഹായുടെ അസ്ഥികൾ മാററിയെന്നോ, ഈ ദിവസം അസ്ഥിമാററത്തിന്റെ ഓർമ്മക്കായി ഇൻഡ്യൻസഭ നിശ്ചയിച്ചെന്നോ, അന്നു അസ്ഥിമാററത്തിരുനാൾ അവിടെ ആഘോഷിച്ചിരുന്നുവെന്നോ സ്ഥാപിക്കുന്നതിനു തക്ക യാതൊരു രേഖയും മാർ തോമ്മാശ്ലീഹായുടെ ഇൻഡ്യൻ സഭയിലൊ ഇതരസുറിയാനിസഭകളിലൊ നാം കാണുന്നില്ല. ബാബേൽ സഭയിൽ എന്നപോലെ മലങ്കരസഭയിലും പൂർവ്വകാലം മുതൽ ജൂലൈ ൩-ാംനു-യിലെ ദുക്റാനത്തിരുനാളിൽ ജപിച്ചുവരുന്ന കാനോൻ ജപങ്ങളിൽ ഈ ദുക്റാനത്തിരുനാൾ വി. തോമ്മാശ്ലീഹായുടെ മരണത്തിരുനാൾ തന്നെയാണെന്നാണു പ്രസ്താവിച്ചിരിക്കുന്നതു്. അസ്ഥിമാററത്തിരുനാളിനേയൊ അസ്ഥിമാററത്തേയൊ പററി ഒരു സൂചനപോലും ആ ജപങ്ങളിൽ കാണുന്നില്ല.

മാർ തോമ്മാശ്ലീഹായുടെ ചരിത്രത്തെപ്പററി വിവരിക്കുന്ന ഒരു സ്വദേശരേഖ മലയാളത്തിലുണ്ടു്. "തോമ്മാറമ്പാന്റെ പാട്ടു്," അഥവാ "തോമ്മാഗാനം" എന്നാണു അതിന്റെ പേരു്. അതിന്റെ വ്യത്യാസപ്പെട്ട അഞ്ചു പ്രതികളോളം മാന്നാനത്തെ പുസ്തകശാലയിൽത്തന്നെയുണ്ടു്. ഇവയിൽ ഓരോന്നിലും ചില ചില്ലറ വ്യത്യാസങ്ങൾ ഉള്ളതിനാൽ ഇവയെല്ലാം ഒരേ പ്രതിയിൽനിന്നു പകർത്തപ്പെട്ടവയല്ലെന്നും, വ്യത്യസ്തങ്ങളായ പഴയ പ്രതികളിൽനിന്നു പകർത്തപ്പെട്ടവയാണെന്നുംഅനുമാനിക്കാവുന്നതാണ്. മററു ചില സ്ഥലങ്ങളിലും ഈ പാട്ടിന്റെ കയ്യെഴുത്തു പ്രതികൾ സൂക്ഷിക്കപ്പെടുന്നുണ്ടു്. ഈ പാട്ടിൽ അടങ്ങിയിരിക്കുന്ന സംഗതികളെ പണ്ഡിതനായ ഫാദർ ഹേസ്റ്റൻ എസ്. ജെ. ശാസ്ത്രീയമായിട്ടു പരിശോധിക്കയും, പൂർവ്വകാലത്തു സുറിയാനിയി

ല്യം ലത്തീനിലുംമററും എഴുതപ്പെട്ട Acta, Passio, De Miraculis മുതലായ വിദേശരേഖകളോടും മദ്ധ്യശതാബ്ദങ്ങളിൽ ജമ്മനിയിൽ പകൎത്തി എഴുതപ്പെട്ട ചില പുസ്തകങ്ങളോടും തുലനം ചെയ്യുകയും ചെയ്യുതിൽ,റമ്പാൻെറ പാട്ടിൽ അടങ്ങിയിരിക്കുന്ന സംഗതികൾ വിദേശരേഖകളിൽനിന്നെടുത്തതോ, വെറും ഊഹത്തെ അടിസ്ഥാനമാക്കി എഴുതിയതോ ആയിരിപ്പാൻ തരമില്ലെന്നും, മലങ്കരസഭയുടെ പൂൎവ്വികപാരമ്പൎയ്യത്തെ അടിസ്ഥാനമാക്കി എഴുതപ്പെട്ടതായിരിക്കണമെന്നമാണ് അഭിപ്രായപ്പെട്ടിരിക്കുന്നത്. ഈ റമ്പാൻെറ പാട്ടിൽ പറയുന്നതും, മാർ തോമ്മാശ്ലീഹാ കൎക്കടകം (ജൂലൈ) ൩-ാംനു- മൈലാപ്പൂരിൽവെച്ചു രക്തസാക്ഷിയായി മരിച്ചു എന്നാണ്.

മലങ്കരസഭയുടെ ഈ പാരമ്പൎയ്യം പൂൎവ്വകാലങ്ങളിൽത്തന്നെ അയൽസഭകളായ വിവിധസുറിയാനിസഭകൾ സ്വീകരിച്ചു. വിദൂരമായ ലത്തീൻ സഭയുടെ ചില പ്രദേശങ്ങളിലെങ്കിലും ഈ പാരമ്പൎയ്യം പൂൎവ്വകാലത്തിൽ അറിയപ്പെട്ടിരുന്നു എന്നു വിചാരിക്കുന്നതിനു ചുരുക്കം ചില പഴയ രേഖകൾ ഇല്ലാതില്ല. മദ്ധ്യശതാബ്ദങ്ങളുടെ ആരംഭഘട്ടത്തിൽ പകൎത്തി എഴുതപ്പെട്ട ഈറാനിമൻ രക്തസാക്ഷിചരിത്രത്തിൻെറ ചില പ്രതികളിൽ, മാർ തോമ്മാശ്ലീഹായുടെ മരണത്തിരുനാൾ ഇൻഡ്യയിൽ അക്കാലത്തു ജൂലൈ ൩-ാംനു- ആഘോഷിക്കപ്പെട്ടിരുന്നുഎന്നു രേഖപ്പെടുത്തിയിരിക്കുന്നു. മാത്രമല്ല, ഈ ഈറാനിമൻ രക്തസാക്ഷി ചരിത്രത്തിൻെറ മററു ചില പ്രതികളിലും (Wolfenbutted MS. Wissenburg 23,) കാറൽമാൻെറ എന്നറിയപ്പെടുന്ന പൂൎവ്വികലത്തീൻപഞ്ചാംഗത്തിലും (781 A.D.) ലത്തീൻസഭയെ ഉദ്ദേശിച്ചും വി. തോമ്മാശ്ലീഹായുടെ മരണത്തിരുനാൾ ജൂലൈ ൩-ാംനു-തന്നെ കുറിച്ചിരിക്കുന്നു.

മാർ തോമ്മാശ്ലീഹാ ജൂലൈ ൩-ാം തീയതി മരിച്ചു എന്നു മാർ തോമ്മായുടെ മലങ്കരസഭയും ഇതര സുറിയാനിസഭകളും ഏകോപിച്ചു പൂൎവ്വകാലംമുതൽ വിശ്വസിച്ചുപോരുന്ന പാരമ്പൎയ്യത്തോടു, വിദൂരമായ ലത്തീൻസഭയിലെ ചില പ്രദേശങ്ങൾ അഥവാ ചില പുസ്തകങ്ങൾ എങ്കിലും പൂൎവ്വകാലത്തു യോജിച്ചിട്ടുണ്ടു' എന്നും, ലത്തീൻസഭ പൊതുവിൽ സ്വീകരിച്ചിരിക്കുന്ന മുറയോടു പൌരസ്ത്യസഭകൾ ഒരുകാലത്തും യോജിച്ചിട്ടില്ല എന്നുമുള്ള സംഗതികൾ പൌരസ്ത്യസഭകളുടെ പാരമ്പൎയ്യത്തിൻെറ വിശ്വസനീയതയെ സ്ഥിരീകരിക്കുന്ന ബലമുള്ള തെളിവുകളായിക്കരുതാവുന്നതാണ്.

ഇത്രയും പ്രസ്താവിച്ചതിൽനിന്നു, നമ്മുടെ പിതാക്കന്മാർ പൂൎവ്വകാലംതുടങ്ങി ദുക്റാനത്തിരുനാളിനു കൊടുത്തിരുന്ന അസാധാരണമായ പ്രാധാന്യം വളരെ യുക്തിയുക്തമാണെന്നു വിശദമാണല്ലൊ. നാമും ഈ തിരുനാളിൻെറ പ്രാധാന്യം നന്നായി മനസ്സിലാക്കി സൎവ്വപ്രകാരേണയും ഇതിനെ പാലിച്ചുകൊണ്ടു പോകേണ്ടതും ഈ ദിവസം നമ്മുടെ വിശുദ്ധ പിതാവിനെ നാം പ്രത്യേകവിധം ബഹുമാനിക്കേണ്ടതുമാണ്.

# ഒരു മിഷ്യനറി വൈദികൻെറ പ്രാർത്ഥന.

(റവ. വാളിപ്ളാക്കൽ തോമ്മസ് ശ.)

(ഗാഥ)

സർവ്വലോകനാഥാ! ഉർവ്വിയിലെന്നുടെ
സർവ്വസമ്പത്തും നിൻദാനമല്ലൊ.

മാതാപിതാക്കളെൻ ബന്ധുമിത്രാദികൾ
താതാ! എൻ വാത്സല്യസ്നേഹിതരും.

സ്വത്തുക്കളാരോഗ്യം ദേഹദേഹികളും
വിത്തംപ്രശസ്തിയും നിൻദാനംതാൻ.

നിൻതിരുച്ചിത്തത്തിന്നൊത്തപോലൊ (ലൊക്കയും
എൻപക്കൽനിന്നങ്ങെടുത്തുകൊൾക.

ആയുസ്സാരോഗ്യമെൻ ദ്രവ്യംബഹുമതി
ആഹ്ളാദത്തോടഹം തന്നീടുന്നു.

കാരുണ്യദായകാ! ശ്രീയേശുകർത്താവെ!
കാരുണ്യമൃത്തേ! ഞാൻ കേണീടുന്നു,

നൽകുക! നൽകുക! നൽകുക കർത്താവെ!
നൽകുക ഇന്നിനിക്കാത്മാക്കളെ.

ആത്മാവിൽ രക്ഷയൊന്നല്ലാതില്ലെൻ- (ഹൃദ്യേ
ആത്മാവിൽ രക്ഷയാണെൻെറ കാംക്ഷ.

ലോകദുഃഖങ്ങളിലാണ്ടു ഞാൻ പോകട്ടെ
പോകട്ടെ! മൽപ്രാണസ്നേഹിതരും.

വാത്സല്യമാതാവിൻ വാത്സല്യ ചുംബനം
വാത്സല്യദായകാ വേണ്ടെനിക്ക്.

സോദരീസോദരർ ബന്ധുമിത്രാദികൾ.
ഈദൃശവത്സലർ വേണ്ടെനിക്ക്.

നൽകുക! നൽകുക! നൽകുക കർത്താവെ!
നൽകുക ഇന്നിനിക്കാത്മാക്കളെ

പാപാന്ധകൂപത്തിലാണ്ടുകിടക്കുന്ന
പാപികളെ പരിരക്ഷ ചെയ്വാൻ

പാടവം തന്നാലും പാരതിൽ രക്ഷകാ!
പാമരനാകുമീ നിൻദാസന്ന്

യൂദസേനാഗണം ക്രൂശതിലേററിയ
യൂദരാജനാം ശ്രീയേശുനാഥാ!

ഹാ! ഹാ! ദാഹിക്കുന്നു എന്നതിൻചൊ- (ല്ലുകൾ
ഹാ! ഹാ! നിൻ സ്നേഹത്തിൻ ലക്ഷ്യ- മല്ലൊ.

ജെരുസലംമുതൽ കാൽവരിഗിരിവരെ
ദാരുണപീഡസഹിച്ചതും നിൻ

സ്നേഹത്തിൻ ലക്ഷണമെന്നല്ലാതെന്തിദം
സ്നേഹദായകാ! ഞാൻ ചൊല്ലിടേണ്ടു.

അയ്യോ തൽപീഡകളാത്മാവിൽ സ്നേ- (ഹത്താ-
ലയ്യോമൽ ഏശു സഹിച്ചവല്ലൊ

തീഷ്ണമാമിസ്നേഹമെൻഹൃത്തടത്തിലും
തീഷ്ണമായ്കത്തിയെരിഞ്ഞീടട്ടെ.

ആത്മാവിൻരക്ഷയൊന്നല്ലാതില്ലെൻ (ഹൃദ്യേ
ആത്മാവിൻ രക്ഷയാണെൻെറ കാംക്ഷ.

നൽകുക നൽകുക നൽകുക കർത്താവെ!
നൽകുക ഇന്നിനിക്കാത്മാക്കളെ.

# ത്രികാലജപം.

(റവ. കെ. വടക്കഞ്ചേരി ശ:)

12-ാം ശതാബ്ദത്തിൽ വീടുകളുടെ പ്രത്യേകവിധമുള്ള നിൎമ്മാണംമൂലം രാത്രിയിൽ അഗ്നിബാധയുണ്ടാകാതിരിക്കുന്നതിനു സന്ധ്യയോടുകൂടിത്തന്നെ വീടുകളിലെ തീയ് കെടുത്തേണ്ടതിനെ ഓൎപ്പിക്കുന്നതിനായി ദേവാലയങ്ങളിൽ മണി അടിക്കുക പതിവായിരുന്നു. തൻമൂലം ഈ മണിനാദത്തിനു് "Curfew"–Cover fire എന്ന സംജ്ഞയുണ്ടായി. അക്കാലത്തിൽ ഇതിന് മതകൃത്യത്തോടു് യാതൊരു ബന്ധവുമില്ലായിരുന്നു. എന്നുമുതലാണ് ഇതിനു മതകൃത്യത്തോടു ഘടന ലഭിച്ചതെന്നു നിശ്ചയമില്ല. എങ്കിലും കാലത്തും ഉച്ചയ്ക്കും മണിയടിക്കുന്ന പതിവു പിൽക്കാലങ്ങളിൽ മാത്രമേ നടപ്പിൽ വന്നുള്ളു. പലസ്തീനായിലുള്ള വിശുദ്ധ സ്ഥലങ്ങളെ മഹമ്മദീയരുടെ കയ്യിൽനിന്നും വീണ്ടെടുക്കുന്നതിനായി രണ്ടാമത്തെ ഉർബാനോസ് പാപ്പാ പ്രഭാതത്തിലും പ്രദോഷത്തിലും, മനുഷ്യാവതാര രഹസ്യത്തെ ഉൽബോധിപ്പിക്കുന്ന "കൎത്താവിൻെറ മാലാഖാ" എന്ന ജപം ക്രിസ്ത്യാനികൾ ചൊല്ലണമെന്നു കല്പിക്കയുണ്ടായി.

എന്നാൽ ദേവാലയത്തിലെ മണിനാദം കേൾക്കുമ്പോൾ ഈ ജപം ചൊല്ലുന്ന പതിവു് പലേ രാജ്യങ്ങളിലും പലേ അവസരങ്ങളിലായിട്ടാണു പ്രചരിച്ചതു്. മദ്ധ്യാഹ്നത്തിൽ മണിയടിക്കുന്ന പതിവു് ആദ്യം വിയന്നായിൽ ആരംഭിച്ചു. അതിപ്രകാരമാണ്. 17-ാം നൂററാണ്ടിൽ തുൎക്കികൾ വിയന്നാപട്ടണത്തെ നിരോധിച്ചു. ശത്രുക്കളുടെ അക്രമണം കൊണ്ടു് വിഷമിച്ചു. പട്ടണത്തിൽ പഞ്ഞവും വസന്തയും പരന്നു; ക്രിസ്ത്യാനികൾ മഹമ്മദീയൎക്കു കീഴടങ്ങുകയേ ഉള്ളുവെന്ന പതനത്തിലായി. അപ്പോഴേക്കു പോളണ്ടിലെ രണശൂരനായ ജോൺ സൊബിയേസ്കി രാജാവു് ക്രിസ്ത്യാനികളുടെ സഹായത്തിനു് വന്നെത്തി. ഇതിനിടക്കു ആസ്ത്രിയായിലെ ഭീരുവായ ചക്രവൎത്തി സ്വരക്ഷയ്ക്കുവേണ്ടി പലായനം ചെയ്തിരുന്നു. വിയന്നായിലേക്കുള്ള പ്രയാണം കൊണ്ടു് ക്ഷീണിച്ചവരായ 76,000-ത്തോളം മാത്രം വരുന്ന പോളീഷ്സൈന്യത്തിനു ക്രൂരന്മാരായ 3 ലക്ഷം മഹമ്മദീയരോടു അപ്പോൾത്തന്നെ എതിൎക്കുവാൻ കഴിവുണ്ടായിരുന്നില്ല. എങ്കിലും പോളീഷ്സൈന്യം വി. ജോൺ കപ്പിസ്ത്രാനാൽ പ്രോത്സാഹിതമായി തുൎക്കികളോടു് ഒരു കഠോരയുദ്ധം നടത്തി, സന്ധ്യയ്ക്കുമുമ്പേ അവരെ പരിപൂൎണ്ണ പരാജിതരാക്കി. ക്രിസ്ത്യാനികൾക്കു ലഭിച്ച ഈ വിജയത്തെ അനുസ്മരിപ്പിക്കുന്നതിന് അവിടത്തെ ദേവാലയങ്ങളിൽ പ്രതിദിനം ഉച്ചക്കു് മണി അടിക്കുവാനും, ജനങ്ങൾ അപ്പോൾ 'കൎത്താവിൻെറ മാലാഖാ' എന്ന ജപം നടത്തുവാനും തുടങ്ങി. ഈ മുറ കാലക്രമേണ മററു സ്ഥലങ്ങളിലും നടപ്പായി എന്നു വിചാരിക്കാം. ഇതത്രേ ത്രികാലജപത്തിൻെറ പ്രാരംഭചരിത്രം.

ഈ അവസരത്തിൽ ഉയിൎപ്പുമുതൽ ത്രിത്വത്തിൻെറ തിരുനാൾവരെ ചൊല്ലുന്ന ത്രികാലജപത്തിൻെറ ഉത്ഭവത്തെപ്പററിക്കൂടി അല്പം പറഞ്ഞുകൊള്ളട്ടെ. ക്രിസ്ത്വബ്ദം 604-ൽ റോമയിൽ ഭയങ്കരമായ ഒരുസാംക്രമികരോഗം ഉണ്ടായി. അതിൻെറ ശമനത്തിനുവേണ്ടി മഹാനായ വി. ഗ്രിഗോറിയോസുമാർപ്പാപ്പാ ജനങ്ങളോടു പ്രായശ്ചിത്തവും പരിഹാരവും ചെയ്യുവാൻ ഉപദേശിച്ചു. അദ്ദേഹം ഉയിർപ്പുഞായറാഴ്ച "അരശേലി" Ara Coeli എന്ന ദേവാലയത്തിൽ ചെന്നു പരിശുദ്ധകന്യകയുടെ ഒരു പടം സ്വയം വഹിച്ചു് വൈദികരാലും അൽമായരാലും അനുഗതനായി വി. പത്രോസിൻെറ ദേവാലയത്തിലേക്കു ഒരു പ്രദ

ക്ഷിണം നടത്തി. വഴിയിൽ അദിയൻ സദനത്തിനരികെ എത്തിയപ്പോൾ ഇപ്രകാരം ഒരശരീരിഗാനം കേൾക്കപ്പെട്ടു.

പരലോക രാജസ്ത്രീ മനോതുഷ്ടി പൂരിക്കുക, ഹല്ലേലൊയാ,

അത് എന്തെന്നാൽ ഭാഗ്യവതിയായ നിൻെറ തിരുവുദരത്തിൽ അവതരിഭിച്ചയാൾ, ഹല്ലേലോയാ,

അരുളിച്ചെയ്ത തിരുവചനം പോലെ ഉയിർത്തെഴുന്നള്ളി', ഹല്ലേലോയാ.

ഇതുകേട്ട അത്ഭുതപരവശനായ പാപ്പാ 'ഞങ്ങൾക്കുവേണ്ടി സർവ്വേശ്വരനോടു പ്രാർത്ഥിക്ക ഹല്ലേലോയാ' എന്നുകൂടി ചൊല്ലി. പിന്നീട് ഇതു് തിരുസഭയുടെ പ്രാർത്ഥനകളിൽ ചേർക്കപ്പെട്ട് ത്രികാലജപമായി ചൊല്ലിവരുന്നു. ഈ സംഭവത്തിൻെറ സ്മരണയ്ക്കായി അദിയാൻെറ സദനത്തിനു വി. മാലാഖായുടെ സദനം എന്നു പേർ നൽകുകയും അതിൻെറ താഴികക്കുടത്തിൽ വാൾ ഉറയിലിടുന്ന വിധത്തിൽ മാർബിൾകൊണ്ടു് ഒരു മാലാഖായുടെ രൂപം തീർപ്പിച്ച് സ്ഥാപിക്കയുംചെയ്തു. ഇതു് ഇപ്പോഴും അവിടെ കാണാവുന്നതാണു്.

ത്രികാലജപം ചൊല്ലുമ്പോഴൊക്കെ 100 ദിവസത്തെ ദണ്ഡവിമോചനവും, ദിവസത്തിൽ ഒരിക്കലെങ്കിലും ഒരു മാസത്തേക്കു ചൊല്ലുമ്പോഴൊക്കെയും പൂർണ്ണദണ്ഡവിമോചനവും ഉണ്ട്. (Benedict xiii. 4-4-1724) ഇതു മണി അടിക്കുമ്പോൾ മുട്ടുകുത്തി ചൊല്ലേണ്ടിയിരുന്നു. കർദ്ദിനാൾ ബൊറൊമ്യോ സവാരിചെയ്യുകയിൽക്കൂടി വാഹനത്തിൽ നിന്നിറങ്ങി ഇപ്രകാരം ചെയ്തിരുന്നതായി ചരിത്രത്തിൽ കാണുന്നു. എന്നാൽ ഇപ്പോൾ തക്കകാരണമുണ്ടെങ്കിൽ അപ്രകാരം ചെയ്യണമെന്നില്ല. (Leo xiii. 3. 4. 1884.)

ത്രികാലജപം കൃത്യമായി അനുഷ്ഠിക്കുന്ന പലേ രാജ്യങ്ങളും ഉണ്ട്. സ്പെയിനിൽ ഉഴുതുനിൽക്കുന്ന കാളകൾക്കൂടി ത്രികാലജപത്തിനുള്ള മണികേൾക്കുമ്പോൾ സ്വവമേവ നിന്നുകൊടുക്കുന്നുവത്രെ. ഐർലാണ്ടിൽ ജനങ്ങൾ സകല ജോലിയും നിറുത്തി തലയിൽ നിന്നു തൊപ്പിമാററുന്നു. നമ്മുടെ നാട്ടിലും ത്രികാലജപം ഒരുവിധം വേരുറച്ചിട്ടുള്ള ഒരു ഭക്തകൃത്യമാണെങ്കിലും, ഇതു് ഇപ്പോൾ ചില സ്ഥലങ്ങളിൽ കുറേശ്ശേ മന്ദീഭവിച്ചുവരുന്നതായിട്ടാണു താണുന്നതു്. ഈ ന്യൂനതയെ പരിഹരിക്കുന്നതിനായി ഏവരും കഴിയുന്നത്ര ഉത്സാഹിക്കേണ്ടിയിരിക്കുന്നു.

# അന്ധയായ റഷ്യാ.

(ഫാദർ എജീദിയോസ് സി. ഡി.)

റഷ്യയിൽ നിന്നും സോവിയററു ഗവൺമെണ്ടിനാൽനാടു കടത്തപ്പെട്ട സെറഫിം എന്ന വൈദിക മേലദ്ധ്യക്ഷൻ ഈയിടെ സോഫ്യായിൽ കൂടിയ ഒരു അനുശോചനമഹായോഗത്തിൽ സംബന്ധിക്കുകയും റഷ്യയിലെ മതപീഡനത്തിൻെറ ഘോരതരമായ അവസ്ഥയെ വിവരിച്ചു കാണിക്കുന്നതിനു് ഗംഭീരമായ ഒരു പ്രസംഗം നടത്തുകയും ചെയ്തു. പ്രസ്തുത മഹായോഗത്തിൽ സന്നിഹിതരായിരുന്ന അ വമ്പിച്ച ജനക്കൂട്ടം റഷ്യയിലെ സ്വസഹോദരങ്ങളുടെ ദയനീയമായ അവസ്ഥയെ അറിഞ്ഞപ്പോൾ വാവിട്ടു കരയുകതന്നെ ചെയ്തുപോയി. അദ്ദേഹം പറയുന്നതു കേട്ടാലും!

സോവിയറ്റു ഗവമ്മേണ്ടിന്റെ ഉടനടിയുള്ള ഒരു പ്രവൃത്തിയല്ലാ ഇതു്. ക്രിസ്തീയമതം, ദൈവാസ്തിക്യചിന്ത, സാമ്രാജ്യികബോധം ആദിയായ പരിപാവനഗുണങ്ങൾ റഷ്യയിൽനിന്നും പാടെ ഉൻമൂലനം ചെയ്യുന്നതിനു് പല വഷങ്ങൾക്കു മുമ്പെതന്നെ ഭഗീരഥ പ്രയത്നം ചെയ്തുവന്ന ആ നിരീശ്വരഗവമ്മേണ്ടിന്റെ നരകീയ പ്രവൃത്തിയുടെ പ്രാഥമിക ഫലങ്ങളാണു് നിങ്ങൾ കേട്ടറിഞ്ഞുകൊണ്ടിരിക്കുന്നതും ഞാൻ കണ്ടറിഞ്ഞിട്ടുള്ളതും. കെയിഫിലെ മെത്രാപ്പോലീത്തായെ മൃഗീയമായ വിധത്തിൽ ആ ഗവമ്മേണ്ടു് വധിച്ചുകളഞ്ഞു. പെട്രോഗ്രാഡിലെ മെത്രാപ്പോലീത്തായെ ഒരു ആവിക്കപ്പലിന്റെ ചക്രത്തോടു് ചേൎത്തുകെട്ടി ഈലോകവാസം അവസാനിപ്പിച്ചു. ടൊമ്പോൾസ്കിലെ മെത്രാപ്പോലീത്തായെ മനുഷ്യബുദ്ധിക്കു് ഗ്രഹിക്കുവാൻ പാടില്ലാത്ത വിധത്തിൽ അത്ര നീചമായ വിധത്തിൽ ഹനിച്ചുകളഞ്ഞു. അൻട്രോനിക്കിലെ മെത്രാപ്പോലിത്തായെ ജീവനോടെ കുഴിച്ചുമൂടി. റാൻടൻ എന്ന വന്ദ്യ മെത്രാനെ ശൈത്യാധിക്യമുള്ള ഒരു സമയത്തു് മഞ്ഞിൽക്കൂടെ വലിച്ചിഴച്ചുകൊണ്ടു നടന്ന ശേഷം പട്ടാളക്കാരുടെ ഉല്ലാസത്തിനായി തോക്കിന്റെ മുൻവശത്തു നിൎത്തി വെടിവെച്ചുകളഞ്ഞു. ഫൊയേഫാൻ എന്ന വൈദിക ശ്രേഷ്ഠനെ ജീവനോടെ ഒരു അഗാധ കുഴിയിൽ എറിഞ്ഞുകളഞ്ഞു. ഇസിദോർ എന്ന പുരോഹിത ശ്രേഷ്ഠനെ ഒരു മരക്കന്തംകൊണ്ടു് അപായപ്പെടുത്തി. അമ്പോനി എന്ന വന്ദ്യദേഹത്തെ കുതിരയുടെ പിൻകാലിൽ കെട്ടി കഷണം കഷണമായി ചീന്തിക്കളഞ്ഞു. അനേക സഹസ്രം ആളുകളെ അതി കഠിനമായി പീഡിപ്പിച്ചശേഷം ദയഹീനമായ വിധത്തിൽ അവർ വധിച്ചു. ഇവരിൽവെച്ചു് അമ്പ്രോകി, അദ്ദേഹത്തിന്റെ വികാരി, ലെയെനേഡി, യോവാക്കീം, ലൗറെന്തി, ബൽമനെസ്ക്കി, വർനെസ്ക്കി, ജർമ്മൻവോൾസ്ക്കി, വർസോനോഫി, മെഫോഡി എന്നീ മെത്രാന്മാരുടെ പേരുകൾ പ്രത്യേകം പ്രസ്താവ്യങ്ങൾതന്നെ. മ്ശി

ഹായെപ്രതിയും തന്റെ വേദത്തെപ്രതിയും ബലി: കഴിച്ചവരുടെയും ഇപ്പോൾ ബലികഴിക്കുന്നവരുടെയും പേരുകൾ ലക്ഷക്കണക്കിനു് വദ്ധിച്ചിരിക്കുന്നു. ഓ! നവീന നെറോ ആയ സോവിയറ്റേ! നിന്റെ രക്തദാഹം എന്നുകൊണ്ടവസാനിക്കും. നിന്റെ കൂട്ടുകാരുടെ ദയനീയാവസാനത്തെ നീയും ഓൎത്തുകൊള്ളുക.

ബൽഗേറിയായുടെ നാനാഭാഗത്തും മഹാ ഗംഭീരമായ പ്രതിഃഷേധ യോഗങ്ങൾ തുടരെ നടന്നുകൊണ്ടിരിക്കുന്നു. പ്രസ്തുത യോഗത്തിൽ ബൽഗേറിയൻ തലസ്ഥാനത്തുള്ള എല്ലാ സമൂഹങ്ങളുടെ പ്രതിനിധികളും പ്രവീണന്മാരായ പല ലേഖകന്മാരും നിരവധി അദ്ധ്യേതാക്കളും സന്നിഹിതരായിരുന്നു. അതിൽ ഏകകണ്ഠമായി പാസാക്കപ്പെട്ടതും ശക്തിമത്തായി പിൻതാങ്ങപ്പെട്ടതുമായ ഏകപ്രമേയം "സവ്വരാജ്യങ്ങളോടുകൂടെ റഷ്യൻ മതപീഡനത്തെ ഞങ്ങൾ ശക്തിമത്തായി പ്രതിഷേധിക്കുകയും ഇപ്രകാരമുള്ള നീചപ്രവൃത്തികളെ ഉടനടി ഉൻമൂലനം ചെയ്യുന്നതിനു് മഹാശക്തികളോടു ഞങ്ങൾ ബലമായി ശുപാൎശി ചെയ്കയും ചെയ്യുന്നു" എന്നുള്ളതാണു്.

മോസ്ക്കോയിൽ നിന്നും പ്രസിദ്ധപ്പെടുത്തുന്ന 'മോസ്കോവർ റുഡാൻസ്കോപ്' എന്ന പത്രത്തിന്റെ അധിപരും ആസ്ത്രിയായിലെ സോഷ്യലിസ്റ്റ് ഗവമ്മേണ്ടിന്റെ മിനിസ്റ്ററുമായ 'ഒട്ടോഫോൺ' എന്ന മഹാൻ ഒരു പത്രത്തിൽ എഴുതിയിരിക്കുന്നതു്. മതപീഡനശക്തിയെ വിളിച്ചറിയിക്കുവാൻ വളരെ സഹായിക്കുന്ന ഒന്നുതന്നെയാണെന്നുള്ളതിനു സംശയമില്ല. "ദേവാലയങ്ങളും പ്രാൎത്ഥനാലയങ്ങളും നിറുത്തലാക്കുവാൻവേണ്ടി 1929-ൽ പാസാക്കിയ നിയമങ്ങൾ നിരവധിയാണു്. അവയിൽ 1330 മാത്രമേ സോവിയറ്റു ഗവമ്മേണ്ടു അംഗീകരിച്ചുകൊടുത്തൊള്ളു. സോവിയറ്റുയൂണിയൻ സ്ഥാപിതമായ ഒരു പട്ടണത്തിൽതന്നെ 530 ദേവാലയങ്ങളും, 111 സിനഗോഗുകളും 96 മഹമ്മദീയ ദേവാലയങ്ങളും പൂട്ടപ്പെട്ടു. വേറൊരു തെരുവിൽ 589 പള്ളികളും 15 സിനഗോ

ഗുകളും, 98 മോസ്ക്കുകളും, കൽമക്ക്സിൻെറ ഒരു പ്രാൎത്ഥനാലയവും ഗവൎമ്മെണ്ടു നിറുത്തലാക്കിക്കഴിഞ്ഞു. ഈ പൂട്ടപ്പെട്ട പ്രാൎത്ഥനാലയങ്ങൾ എല്ലാംതന്നെ വെറും ലൗകികമായ സംഗതികൾക്കായിട്ടാണു് ഉപയോഗപ്പെടുത്തുന്നതു്. ഈ ദേവാലയങ്ങളും മററു വൈദികസ്ഥാപനങ്ങളും നവീനമായി നിൎമ്മിക്കപ്പെട്ട 'നിരീശ്വരസമതി'യുടെകീഴിലാണ് ഇരിക്കുന്നതു്. ദൈവാരാധനയ്ക്കായി നിയോഗിക്കപ്പെട്ടിരുന്ന ഇവയെല്ലാം, കളപ്പുരകൾ, പൌവർഹൌസസ്, നൃത്തശാലകൾ മുതലായതായിട്ടാണു് ഇപ്പോൾ ആക്കിയിരിക്കുന്നതു് എന്നുമോസ്ക്കോയിൽനിന്നു പുറപ്പെടുന്ന വേറൊരു പത്രം പ്രസ്താവിച്ചുകാണുന്നു. ഇപ്പോൾ ആകെ 1330 പള്ളികൾനിറുത്തലാക്കിയിട്ടുണ്ട്. ദൈവമെന്നോ ദൈവികകാൎയ്യമെന്നോ റഷ്യയിൽ മിണ്ടുവാൻ വഹിയാ. വൈദികരെയും വൈദികാധികാരികളെയും നാട്ടിൽനിന്നും ലോകത്തിൽനിന്നുകൂടെയും ബഹിഷ്കരിച്ചു തുടങ്ങിയിരിക്കുന്നു. സന്മാൎഗ്ഗനിരതരായ ബാലികാബാലന്മാരെ അസന്മാൎഗ്ഗമായവിധത്തിൽ വിദ്യ അഭ്യസിപ്പിക്കുന്നതിനായി സ്ക്കൂളുകൾ സ്ഥാപിക്കുക, അതിനുതകുന്ന പാഠ്യപുസ്തകങ്ങൾ നിൎമ്മിക്കുക മുതലായതു സോവിയററു ഗവൎമ്മെണ്ടിൻെറ ഏകജോലിയായിത്തീൎന്നിരിക്കുന്നു. ലൗകികമായജീവിതത്തിൽ വൈദികമായ യാതൊന്നും കടത്തി വിടരുതെന്നാണു് ഈ നവീന ഗവൎമ്മെണ്ടിൻെറ നയം. ഏതായാലും ഒരു നവീന നേറോ ഭൂമുഖത്തു രംഗപ്രവേശം ചെയ്തിരിക്കുന്നു എന്നു പറയുന്നതിൽ അതിശയോക്തിക്കു് ഒട്ടുംതന്നെ വകയില്ല. ഇപ്രകാരമുള്ള ഒരു അപരിഷ്കൃതഗവൎമ്മെണ്ടിൻെറ കഠിന നുകത്തിൻകീഴു് കിടന്നു കഷ്ടപ്പെടുന്ന നമ്മുടെ സഹോദരങ്ങൾക്കു് ധൈൎയ്യവും സഹനശക്തിയും കിട്ടുവാൻ ലോകരക്ഷകനോടു നമുക്കു ഉള്ളഴിഞ്ഞു പ്രാൎത്ഥിക്കാം. ഓ! അന്ധയായ റഷ്യായെ! നിൻെറ നേത്രങ്ങൾ എന്നു സാക്ഷാത്തായ പ്രകാശത്തെ ദൎശിക്കും!!

---

### ൧൲൧൱൦ കൎക്കടകമാസത്തിലെ തിരുഹൃദയസഭക്കാരുടെ

# പൊതുനിയോഗം.

### അകത്തോലിക്കാ വാൎത്താവിതരണ നിയന്ത്രണം.

പ്രകൃതിശക്തികളെ കീഴ്പ്പെടുത്തുന്നതിനുള്ള മനുഷ്യശ്രമം ദിവസം പ്രതിഎന്നപോലെ സഫലമായി വരുന്ന ഇക്കാലത്തു് ഏററം അത്ഭുതകരമായ അനേക കാൎയ്യങ്ങൾ ലോകത്തിൽ നടന്നുവരുന്നു. ഇതിൽ ഏററം അത്ഭുതകരം റേഡിയശക്തി ഉപയോഗിച്ചു അതിദൂരപ്രദേശങ്ങളിൽ നടക്കുന്ന പ്രസംഗങ്ങളും സംഗീതങ്ങളും കേട്ടു രസിക്കുന്നതാണെന്നു തോന്നുന്നു. റോമായിൽ പരിശുദ്ധപിതാവു ഇക്കഴിഞ്ഞ ജൂൺ 29-ാംനു- ചെയ്ത പ്രസംഗം ലോകത്തിൻെറ നാലു ഭാഗങ്ങളിലും പ്രതിധ്വനിക്കുന്നതിനു വേണ്ട ഏൎപ്പാടുകൾ ചെയ്തിരുന്നതായി പത്രങ്ങളിൽ കാണുകയുണ്ടായല്ലൊ. ഈദൃശ വാൎത്താവിതരണം ഉപകാരപ്രദമായിരിക്കുന്നതുപോലെ ഉപദ്രവകരവുമാകാൻ ധാരാളം മാൎഗ്ഗങ്ങൾ ഉണ്ടു്. അസന്മാൎഗ്ഗിക വാൎത്താവിതരണവും വിശിഷ്യ ദോഷകരസംഗീത വിതരണവും ഇപ്പോൾതന്നെ പല നാശങ്ങളും വരുത്തി തുടങ്ങിയിരിക്കുന്നു. അച്ചടിവിദ്യ നല്ലതാണെങ്കിലും അസന്മാൎഗ്ഗിക പുസ്തകവിതരണത്തിനു അതു ഒരു ശക്തിമത്തായ ഉപകരണമായി ഭവിച്ചതുപോലെ റേഡിയവാൎത്താ വിതരണമാൎഗ്ഗവും പല ദോഷഫലങ്ങളും ചെയ്തുവരുന്നു. പുസ്തകമുദ്രണത്തിൽനിന്നു വരുന്ന തിന്മകളെ

തടയുവാൻ തിരുസഭയും ഓരോ രാജ്യങ്ങളും പല നിയമങ്ങൾ വെച്ചു മുഖേന നിയന്ത്രിച്ചിട്ടുണ്ട്. എന്നാൽ വൎത്താവിതരണ നിയന്ത്രണം അത്ര എളുപ്പത്തിൽ സാധിക്കുന്നതല്ല. ഫലപ്രദമായ നിയന്ത്രണം മനുഷ്യരുടെ സന്മാൎഗ്ഗബോധത്തെയാണ് പ്രധാനമായി ആശ്രയിച്ചിരിക്കുന്നത്. ഈ സന്മാൎഗ്ഗബോധം ലോകത്തിൽ ക്ഷയിച്ചുപോകാതെ അതു ഒന്നിനൊന്നു വൎദ്ധിച്ചുവരുന്നതിനു നാം പ്രാൎത്ഥിക്കുന്നതായാൽ ന. ക. ഈശോയുടെ തിരുഹൃദയം കനിഞ്ഞു ലോകത്തിനു നേരിട്ടിരിക്കുന്ന ഈ വലിയ വിപത്തു നീങ്ങുന്നതിനിടയാകും. അകയാൽ ജൂലായി മാസം മുഴുവനും സദ്‌വൎത്താവിതരണം നടക്കുന്നതിനായും അകത്തോലിക്കാ വൎത്താവിതരണത്തിന്റെ ദോഷഫലങ്ങൾ ഇല്ലാതാകുന്നതിനായും തിരുഹൃദയ ഭക്തന്മാർ പ്രത്യേകം പ്രാൎത്ഥിക്കണമെന്നു നമ്മുടെ പരിശുദ്ധ പിതാവു് ഉപദേശിക്കുന്നു.



അഗസ്റ്റ്– കത്തോലിക്കാ രാജ്യങ്ങളിൽ അകത്തോലിക്കാ പ്രസ്ഥാനങ്ങൾ പ്രബലപ്പെടാതിരിക്ക.

# കം നാഥയുടെ കുഞ്ഞുമക്കൾക്ക്.

## കൎമ്മലനാഥാഭക്തി.

പ്രിയ കുഞ്ഞുങ്ങളേ,


സ്വയം മറിയത്തിനു പ്രതിഷ്ഠിക്കുന്നതായാൽ അതു് പുണ്യപൂൎണ്ണതയുടെ വഴിയിൽ മുമ്പോട്ടുപോകുവാൻ നമുക്കു വളരെ സഹായമായിരിക്കും. ഇടക്കിടെ കൎമ്മലമാതാവിനെ നമുക്ക് അനുസ്മരിക്കാം. കൎക്കടകം 16–ാംനു കൎമ്മലനാഥയുടെ സ്തുതിക്കായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ദിവസമാണല്ലൊ. ഉത്തരീയ സഖ്യത്തിൽ ചേരുന്നതു് എന്നെങ്കിലുമാകാം. എന്നാൽ കൎമ്മലമാതാവിന്റെ തിരുനാൾ ദിവസം ഇതിനു ഏററം പററിയ അവസരമാണ്. അകയാൽ കുഞ്ഞുമക്കളിൽ ഇനിയും ഈ തിരുവസ്ത്രം സ്വീകരിച്ചിട്ടില്ലാത്തവരുണ്ടെങ്കിൽ അടുത്ത അവസരത്തിൽ തന്നെ അതിനെ യഥാവിധി സ്വീകരിച്ചു ഭക്തിയോടെ ധരിച്ചു നടപ്പാൻ ഉത്സാഹിക്കണം.

കൂടാതെയും ഉത്തരീയ ഭക്തന്മാരുടെ സംഖ്യ നാൾക്കുനാൾ വൎദ്ധിച്ചുവരുന്നതിനും, അവരെല്ലാവരും മാതാവിന്റെ ഭക്തിയിൽ മുമ്പോട്ടു നടന്നു നിത്യഭാഗ്യം പ്രാപിക്കുന്നതിനും വേണ്ടി കുഞ്ഞുമക്കൾ എവരും ഈ മാസത്തിൽ കൎമ്മലനാഥയോടു പ്രത്യേകം പ്രാൎത്ഥിക്കയും ചെയ്യണം.

## ഈ മാസത്തെ മദ്ധ്യസ്ഥൻ– വി. ബെൎണ്ണാർഡ് മല്പാൻ.

(ശതവൎഷപൂൎത്തീകരണദിനം– ജൂലൈ 23.)

സിസ്റ്റേർസ്യൻ സഭയിൽ സുകൃതപ്രഭാവംകൊണ്ടും, ശാസ്ത്രനൈപുണ്യം കൊണ്ടും സൂൎയ്യസമാനം വിളങ്ങി ശോഭിച്ചിരുന്ന ഒരു മറിയ ഭക്തനാണ് വി



കെ. സി. സി. എ. ബാലികാബാലസംഘം, കുഴക്കൂട്ടം.

ബെർണ്ണാർദ്ദ്. ഈ വിശുദ്ധനെ തിരുസഭ വേദപാരംഗതന്മാരുടെ ഗണത്തിൽ ചേർത്ത് പ്രഖ്യാപനം ചെയ്തതിൻെറ ശതവർഷപൂർത്തീകരണം ഈ ജൂലൈ മാസം 23-ാംനു-യാണ്. അതിനാൽ കുഞ്ഞുമക്കളുടെ ഈ മാസത്തെ പ്രത്യേക മദ്ധ്യസ്ഥൻ ഈ വിശുദ്ധനായിരിക്കട്ടെ. വി. ബെർണ്ണാർദ്ദ് സ്വന്ത സഭക്കുവേണ്ടി മാത്രമല്ല, കത്തോലിക്ക ലോകത്തിനുവേണ്ടി പൊതുവെ, സഹിച്ചിട്ടുള്ള പ്രയത്നങ്ങളും സാധിച്ച മഹൽകാര്യങ്ങളും നിരവധിയാണ്. അടുത്ത ലക്കത്തിൽ ഈ പുണ്യവാൻെറ ഒരു സംക്ഷേപജീവചരിത്രം പ്രസിദ്ധപ്പെടുത്തണമെന്നു വിചാരിച്ചിട്ടുണ്ട്. തന്നിമിത്തം ഇവിടെ അധികമൊന്നും വിസ്തരിക്കുന്നില്ല.

നാം അനുദിനവും ജപിച്ചുകൊണ്ടു വരുന്നതും വി. ബെർണ്ണാർദിനാൽ വിരചിതവുമായ 'എത്രയും ദയയുള്ള മാതാവെ' എന്ന ജപത്തിൽനിന്നു തന്നെ ഈ വിശുദ്ധൻ എത്ര ഹൃദയപൂർവ്വം പരിശുദ്ധ മറിയത്തെ സ്നേഹിച്ചിരുന്നുവെന്നും, ആ അമ്മയിൽ എത്രയധികം മനോവിശ്വാസം വെച്ചിരുന്നുവെന്നും നമുക്കു നിഷ്പ്രയാസം മനസ്സിലാക്കാം. 'പരി. കന്യ. മറിയത്തിൻെറ ഉത്തമ ഭക്തനായ വി. ബെർണ്ണാർദെ, ഞങ്ങളും ഈയമ്മയുടെ പരമാർത്ഥഭക്തന്മാരായി ജീവിച്ചു മരിക്കുന്നതിനുള്ള ഭാഗ്യം നിൻെറ മാദ്ധ്യസ്ഥം മൂലം ഞങ്ങൾക്കു നീ ലഭിച്ചുതന്നരുളേണമെ.'

## പുസ്തകാഭിപ്രായം.

### സംഗീതകുസുമം.

പരിശ്രമശീലനായ തോട്ടാശ്ശേരിൽ കേ. ദേവസ്യാ അവർകൾ ചില ഗായകകവികളെക്കൊണ്ടു് പലതരം രാഗങ്ങളോടും ഹൃദയാകർഷകമായ മട്ടുകളിലും എഴുതിച്ച് പ്രസിദ്ധീകരിച്ചിരിക്കു

ന്ന ഒരു കീർത്തനമാലികയാണ്. 'സംഗീതകുസുമം' ഇതിലെ പാട്ടുകൾക്കു നിർദ്ദേശിച്ചിരിക്കുന്ന രാഗങ്ങളുടെ യോജിപ്പും, ശബ്ദസുഖം കൊടുക്കുന്ന പദങ്ങളുടെ ഘടനയും പ്രശംസനീയമാണ്. അകപ്പാടെ ഈ പുതിയ പുസ്തകം ആകർഷണീയമാണെന്നു തന്നെ പറയാം.

3 ണ. മാത്രം വിലയുള്ള ഈ പുസ്തകം മിസ്റ്റർ ദേവസ്യാ കെ. തോട്ടാശേരി, വട്ടപ്പള്ളി, ചങ്ങനാശേരി എന്ന വിലാസത്തിൽ ആവശ്യപ്പെട്ടാൽ കിട്ടുന്നതാണ്.

## ഒരു ശതവർഷാഘോഷം.

വി. ബർണ്ണാഡ് പുണ്യവാനെ തിരുസഭയുടെ വേദപാരംഗതൻ എന്നു പ്രഖ്യാപനം ചെയ്തിട്ടു നൂറു വർഷങ്ങൾ തികയുന്നതു ഈ ജൂലൈ 23-ാംനു-യാണ്. സിസ്റ്റേഷ്യൻ സഭയുടെ അലങ്കാരവും മാർപ്പാപ്പാമാരുടെ ആലോചനക്കാരനും രാജാക്കന്മാരുടെ തർക്കങ്ങളെ തീർക്കുന്ന മാദ്ധ്യസ്ഥനും എന്നിങ്ങിനെ പല പ്രകാരത്തിൽ കീർത്തിമാനായിരുന്ന വി. ബർണ്ണാർദ്ദ് വേദപാരംഗതന്മാരിൽ പ്രമുഖനായിരുന്നു. ഇദ്ദേഹത്തിൻെറ പഠനങ്ങൾ തേനിനു തുല്യം മാധുര്യകരമായിരുന്നതിനാൽ (Doctor Mollifluus) എന്നാണ് ഇദ്ദേഹത്തിൻെറ മറുനാമം. വി. ബർണ്ണാർദ്ദ് ദൈവജനനിയുടെ ഭക്തന്മാരിൽ പ്രമുഖനായിരുന്നു. ഭക്തിയുള്ള ക്രിസ്ത്യാനികൾ പ്രതിദിനം ദൈവമാതാവിനെ നോക്കി ജപിക്കുന്ന എത്രയും ദയയുള്ള മാതാവേ എന്ന ജപം ഈ വിശുദ്ധൻ എഴുതിയുണ്ടാക്കിയതാണ്.

# വർത്തമാന സംഗ്രഹം.

പുതിയ രൂപതകൾ- കുംഭകോണം രൂപത ഏതദ്ദേശിയ വൈദിക ഭരണത്തിനു ഏല്പിച്ചതിനോടുകൂടെ സേലം ഒരു രൂപതയാക്കി, മെത്രാനായി മോൻസി. പ്രുനിയേറിനെ നിയമിച്ചിരിക്കുന്നു. കൊല്ലംരൂപതയുടെ തെക്കേഭാഗം കോട്ടാർ രൂപത എന്ന പേരിൽ ഒരു പുതിയ രൂപതയാക്കിയിരിക്കുന്നു. പുതിയ രൂപതയുടെ മെത്രാനായി നിയമിതനായിരിക്കുന്നതു മൊൻസി. ലോറൻസു പെറെയിരാ എന്ന ദേഹമാണ്.

\+ \+ \+

കപ്പുച്ചീൻ നവസന്യാസഭവനം— കഴിഞ്ഞ ഒമ്പതുകൊല്ലത്തോളം സർദാനായിൽ നടത്തിയിരുന്ന കപ്പുച്ചീൻ നവസന്യാസ ഭവനം മംഗലാപുരത്തിനടുത്തുള്ള മൊന്തെ മറിയാനോ എന്ന ഗ്രാമത്തിലേക്കു മാററി സ്ഥാപിച്ചിരിക്കുന്നു. കപ്പുച്ചീൻ സഭയിൽ കേരളീയരായ ചില യുവാക്കന്മാർ ചേൎന്നിട്ടുണ്ട്.

\+ \+ \+

വിശുദ്ധകുർബാനയുടെ സർവ്വരാജ്യസമ്മേളനം ൧൯൩൨-ലെ വിശുദ്ധകുർബാനയുടെ സർവ്വരാജ്യസമ്മേളനം ഐർലണ്ടിൻെറ തലസ്ഥാനമായിഡബ്ളിൻ പട്ടണത്തിൽ കൂടുന്നതിനാണ് തീർച്ചയാക്കിയിരിക്കുന്നതു. വിശുദ്ധ പത്രീസി പുണ്യവാൻ ഐർലണ്ടിൽ വേദപ്രസംഗം ആരംഭിച്ചിട്ടു ൧൫ ശതവർഷം പൂർത്തിയാകുന്നതും ൧൯൩൨-ൽ ആണ്.

\+ \+ \+

വി. ഫ്രൻസീസ്സ്കോസിൻെറ സഭ— വി. ഫ്രൻസീസ്സ്കോസിൻെറ മൂന്നാം സഭക്കാരുടെ ഒരു യോഗം ലിവർപൂളിൽ കൂടിയതിൽവെച്ചു ഡൗണി മെത്രാപ്പോലീത്താ, മൂന്നാം സഭസ്ഥ ഇടമുറിയാതെ

യുള്ള ൧൦൦ സംവത്സരത്തെ പഴക്കമുള്ളതിനാൽ അതു ബഹുമാന്യവും പൂൎവ്വീകവുമായ ഒരു സ്ഥാപനമാണെന്നു പ്രസ്താവിക്കയുണ്ടായി. സാമുദായികോദ്ധാരണത്തിൽ മൂന്നാം സഭയ്ക്കുള്ള സ്ഥാനം ഒന്നുവേറെ തന്നെയാകുന്നു. ഇന്നു ലോകത്തിൽ ആകെ നാല്പതുലക്ഷം മൂന്നാം സഭക്കാർ ഉണ്ടെന്നുകാണുന്നു. പ്രൻസീസ്ക്കൊസു സഭാസന്യാസികളായി ൩൧,൦൦൦ പേരും ക്ലാരപുണ്യവതിയുടെ കന്യാസ്ത്രീകളായി ൨൦,൦൦൦ പേരും ഇപ്പോളുണ്ട്.

## മനോഗുണവിവരങ്ങൾ.

ചുരുക്കമായി ഈവിധവിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പേർ അടച്ചു അപേക്ഷിക്കണം.

പരി. കൎമ്മെലനാഥയുടെ സഹായത്താൽ ലഭിച്ച ഒരു നന്മക്കു ഉപകാരസ്മരണ. കൎമ്മെലിത്താമഠം, രാമപുരം.

സിസ്റ്റർ ബനീഞ്ഞ കൊൺസലാത്തായുടെ മാദ്ധ്യസ്ഥത്താൽ പരീക്ഷയിൽ പൂൎണ്ണ വിജയം സിദ്ധിച്ചതിന്

ഈ. റി. ഇ. ശ്രീകണ്ഠമംഗലം.

കാണാതെപോയ ഒരു സാധനം തിരികെ കിട്ടിയതിനു ഉപകാരസ്മരണ.

വി. ഔസേപ്പുവക്കി, തകഴി.

വി. അന്തോനീസിൻെറ സഹായംമൂലം ഉദ്ദിഷ്ടകാൎയ്യം സാധിച്ചതിനു,

പി. സി. ജോസഫ് ചങ്ങനാശേരി.

വി. അഗുസ്തീനോസിൻെറ മാദ്ധ്യസ്ഥം വഴിയായി ഉദ്ദിഷ്ടകാൎയ്യം ലഭിച്ചതിന്, കൎമ്മെലീത്താമഠം, രാമപുരം.

കഴിഞ്ഞ വലിയ വെള്ളപ്പൊക്കത്തിൽ നഷ്ടപ്പെട്ടുപോയ ഒരു ഭരണി വി. കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥത്താൽ കേടൊന്നും കൂടാതെ ലഭിച്ചതിനു ഉപകാരസ്മരണ. ജേ. സി. പാലാ,

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ ഉദ്ദിഷ്ടകാൎയ്യം ലഭിച്ചതിന്.

ജോസഫ് കുട്ടി മലബാർ.

ഈ. തി. ഹൃദയത്തിൻെറയും, തിരുക്കുടുംബത്തിൻെറയും, വി. കൊച്ചുത്രേസ്യായുടെയും സഹായത്താൽ എൻെറ ഭാൎയ്യക്കു സുഖപ്രസവം ലഭിച്ചതിന്.

എം. സി. റി. പാലാ.

വി. ചെറുപുഷ്പത്തിൻെറയും കൎദ്ദാളശ്ശേരിൽ മാർ തോമ്മാമെത്രാനച്ചൻെറയും മാദ്ധ്യസ്ഥം വഴിയായി കിട്ടിയ ഒരു മനോഗുണത്തിനു ഉപകാരസ്മരണ.

കന്യകാമഠം, മുത്തോലി.

ഈ. തി. ഹൃദയത്തിൻെറയും വി. കൊച്ചുത്രേസ്യായുടെയും സഹായത്താൽ, രോഗബാധിതരായിരുന്നവരിൽ ഒരാൾ ഒഴിച്ചു എല്ലാവൎക്കും വേഗത്തിൽ പൂൎണ്ണസുഖപ്രാപ്തി കിട്ടിയതിന്,

സി. പാലാ.

വി. റീത്താപുണ്യവതിയുടെ മാദ്ധ്യസ്ഥത്താൽ ഉദ്ദേശിച്ചയാളിനു സുഖംകിട്ടിയതിനു ഉപകാരസ്മണ.

പി. എൽ. എം: ഒല്ലൂർ.

## ചരമവാൎത്തകൾ.

കൎത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാൎത്ഥിപ്പാറാകണം.

ക. നി. മൂ. സ. പ്രിയോർജനറാളായിരുന്ന

### പരേതനായ പെ. ബ. ളൂയിസച്ചൻ.

കൎമ്മെലകുസുമത്തിൻെറ ആരംഭകാലംമുതൽതന്നെ കുസുമത്തിൻെറ ഒരു ലേഖകനെന്ന നിലയിൽ കുസുമവായനക്കാൎക്ക് സുപരിചിതനായ ഇദ്ദേഹം മാന്നാനം ആശ്രമത്തിൽ ഒരു സംവത്സരമായി വാതരോഗപീഡിതനായി ശയ്യയെ അവലംബിച്ചിരിക്കയായിരുന്നു. ഈ രോഗംതന്നെ പെട്ടെന്നു വൎദ്ധിച്ച

അന്ത്യക്രുദാശകളൊക്കയും സുബോധത്തോടെ കൈക്കൊണ്ടു ഈ ജൂൺമാസം 8-ാംനു- പന്തക്കുസ്തിതിരുനാൾ ദിവസം തന്റെ ൬൬-ാമത്തെ വയസ്സിൽ സ്വന്തം സഭാംഗങ്ങളുടെയും ബന്ധുമിത്രങ്ങളുടെയും പ്രാൎത്ഥനാമദ്ധ്യേ ഈ വന്ദ്യദേഹം ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം ഒട്ടുവളരെ പട്ടക്കാരുടെയും ജനങ്ങളുടെയും സാന്നിദ്ധ്യത്തിൽ യഥാവിധിനിൎവ്വഹിക്കപ്പെട്ടു. ചരമ പ്രസംഗം ചെയ്തതു ബ. കൊച്ചുചാണ്ടിയച്ചനായിരുന്നു. പ്രസ്തുത പ്രസംഗത്തിൽ ഒരുത്തമക്രിസ്ത്യാനി, നല്ലൊരു സന്യാസി, ഒരു മറിയഭക്തൻ എന്നീ നിലകളിൽ മ്ശിഹായിൽ മരിക്കുന്നതിനു ഭാഗ്യം സിദ്ധിച്ച ഈ വന്ദ്യന്റെ നിൎയ്യാണത്തിൽ നാം ദുഃഖിക്കേണ്ടതില്ലെന്നും, എങ്കിലും ഇദ്ദേഹത്തിനു വേണ്ടി നാം പ്രാൎത്ഥിക്കേണ്ടതാണെന്നും യുക്തിയുക്തം സംക്ഷേപമായി കാണിക്കയുണ്ടായി.

തുരുത്തിയിടവക നേഴ്സ്പറമ്പിൽ എന്ന മാന്യകുടുംബത്തിൽ 1864 മിഥുനം 10-ാംനു- ഇദ്ദേഹം ജാതനായി. 18 വയസ്സിൽ കൎമ്മലീത്താ സഭയിൽ ചേൎന്നു 1894-ൽ നിത്യവ്രതം ചെയ്തു. 1896-ൽ ഗുരുപ്പട്ടവും സ്വീകരിച്ചു. തദനന്തരം മാന്നാനം സെൻറ് എഫ്രേംസ് ഹൈസ്ക്കൂൾ മാനേജർ, മാന്നാനം ആശ്രമത്തിന്റെ പ്രിയോർ, സഭയുടെ പൊതു ആലോചനക്കാരൻ, സഭയുടെ പൊതുശ്രേഷ്ഠൻ എന്നീ സ്ഥാനങ്ങൾ ഇക്കാലത്തിനിടയിൽ സ്തുത്യൎഹമാംവണ്ണം നിൎവ്വഹിച്ചിട്ടുണ്ട്.

ഇദ്ദേഹത്തിൽ എളിമ, ക്ഷമ, പരിപാകത, സാധുശീലം ആദിയായ ഗുണങ്ങൾ പ്രത്യേകവിധം പ്രശോഭിച്ചിരുന്നു. രോഗം പിടിപെട്ടു കിടപ്പിലായതു മുതൽ അനുകരണീയമായ ക്ഷമയുടെയും ദൈവതിരുമനസ്സിനുള്ള കീഴ്‌വഴക്കത്തിന്റെയും ഒരുത്തമ ദൃഷ്ടാന്തമായിട്ടാണ് കാണപ്പെട്ടിരുന്നതു്.

പരി. വ്യാകുലമാതാവിന്റെ ഒരു അന്യാദൃശ ഭക്തനായിരുന്ന പെ. ബ. ളൂയീസച്ചൻ പ്രസ്തുത ഭക്തിപ്രചാരത്തിനായി ചെയ്തിട്ടുള്ള വിവിധശ്രമങ്ങളിൽ ഒന്നു മാത്രമാണ് അദ്ദേഹം എഴുതി പ്രസിദ്ധീകരിച്ചിട്ടുള്ള 'വ്യാകുലമാതാവിന്റെ വണക്കമാസപ്പുസ്തകം'

അഗാധചിന്തകനും, ആലോചനാകുശലനും, നല്ലൊരു ധ്യാനഗുരുവും പലതുകൊണ്ടും കേരളീയസുറിയാനി കൎമ്മലീത്താസഭയുടെ ഒരു തൂണുതന്നെയും ആയിരുന്ന ഈ വന്ദ്യദേഹത്തിന്റെ ആത്മാനുകൂലാൎത്ഥം വിശ്വാസികൾ പ്രാൎത്ഥിപ്പാറാകണം. R. I. P.

---

മണിയംകുന്നു പള്ളിയിടവക മണ്ടാട്ടുകുന്നേൽ ചാണ്ടി മറിയം മെയ് 7. വയസ്സ് 38.

ടി. പള്ളിയിടവക കൊളത്താപ്പാറെ വക്കി മറിയം മെയ് 7. വയസ്സ് 62.

ചെറുപള്ളിപ്പള്ളിയിടവക പന്തലിൽ ജോസഫിന്റെ ഭാൎയ്യ മറിയം മെയ് 24. വയസ്സ് 26.

ആലങ്ങാട്ടു പള്ളിയിടവക നീറിക്കോട്ടു മാനാടൻ ഗൎവ്വാസീസിന്റെ ഭാൎയ്യ റോസ്സ മെയ് 30. വയസ്സ് 20.

കൂനമ്മാവു പള്ളിയിടവക നീറിക്കോട്ടു കാനപ്പിള്ളി മിഖേൽ ഔസേപ്പ് മെയ് 30. വയസ്സ് 28.

തൃശ്ശൂർനിന്നു പുറപ്പെടുന്ന 'പ്രേഷിതൻ'മാസികയുടെ ഉടമസ്ഥനും മാനേജരുമായ തോട്ടാൻ അന്തോനിയുടെ അമ്മ മറിയം ജൂൺ 1. വയസ്സ് 79.

പുതുക്കാടിനടുത്ത കല്ലൂർ പള്ളിയിടവക വട്ടക്കുഴി പ്രഞ്ചു കുഞ്ഞുവറീതു ജൂൺ 11. വയസ്സ് 67.

മദ്രാസ് സൎവ്വകലാശാലാ പ്രോഫസർ ഡോക്ടർ പി. ജേ. തോമ്മസിന്റെ അമ്മ കുറവിലങ്ങാട്ടുപള്ളിയിടവക പാറെക്കുന്നേൽ ഏലിയാമ്മ ജൂൺ 22. വയസ്സ് 73.

---

Printed and Published for the Proprietor by P. K Joseph at
the St. Joseph's Press, Mannanam, 19 0.